# എസ്.കാച്ചപ്പിള്ളിയുടെ സർഗ്ഗാത്മകത




## ഒരു പഠനം

# മറ്റു കൃതികൾ

**കഥകൾ:**

ഒറ്റമുറിവീട്
ഒരു ബുദ്ധിജീവിയും കുറെ അനുയായികളും
ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ
കേശുവിന്റെ കഥ, എന്റെ വിധിയും

**ലേഖനങ്ങൾ:**

കേരളമോഡൽ പ്രതിസന്ധി
ക്ലബ് ഹൗസ്
ക്ലബ് ഹൗസ് രണ്ടാം ഭാഗം
കേരള സാമ്പത്തിക പ്രതിസന്ധി
ചിതറിയ ചിന്തകൾ
ദുരന്തങ്ങൾ നൽകുന്ന പാഠം
സാന്ത്വനം
മൊഴിമുത്തുകൾ
എന്റെ ജനാധിപത്യ ചിന്തകൾ
എന്റെ സാമൂഹ്യ സുരക്ഷാ ചിന്തകൾ
എന്റെ ജനകീയാസൂത്രണ ചിന്തകൾ

**വാർത്താധിഷ്ഠിതം:**

കഥ തുടരുന്നു
സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ

**കരിക്കുലം പഠനം:**

മതമില്ലാത്ത ജീവൻ

web: [www.kachappilly.in (free download of all books)](http://www.kachappilly.in)
Face book: Sebastian Kachappilly
Youtube: sebastiankachappilly

# എസ്.കാച്ചപ്പിള്ളിയുടെ സർഗ്ഗാത്മകത

## ഒരു പഠനം


| | | |
|---|---|---|
| Compiled by | : | s.kachappilly |
| Phone | : | 9446459784 |
| Email | : | sebastiankachappilly@gmail.com |
| Publishers | : | Samskara Nayarambalam,<br>Kochi 682509. |
| Published on | : | August 2025. |

**www.kachappilly.in എന്ന web site ൽ പേജ് 1, 2, 3 .. ... എന്ന രീതിയിൽ ഏവർക്കും സൗജന്യ മായി ലഭ്യമാകുംവിധം പുസ്തക ങ്ങൾ ക്രമീകരിച്ചിരിക്കുന്നു.**

**– എസ്.കാച്ചപ്പിള്ളി**

കഥയുടെ പകർന്നാട്ടം,
കാച്ചപ്പിള്ളി കഥകളിലേക്ക് ഒരെത്തിനോട്ടം
- ജിജോ തളിയച്ചിറ

കാച്ചപ്പിള്ളിയുടെ കാഴ്ചകൾ
- അശ്വതി.പി.

സബാസ്റ്റിൻ കാച്ചപ്പിള്ളിയുടെ കഥകൾ
- വിനീത വാസു

എസ്.കാച്ചപ്പിള്ളിയുടെ കഥകൾ
- രഞ്ചു ജോസ്

കാച്ചപ്പിള്ളിയുടെ തൂലിക
- അൽഫിയ എം.എം.

എസ്.കാച്ചപ്പിള്ളിയുടെ കഥകൾ:
- ടി.പിജെ. അല്ലപ്ര

എസ്.കാച്ചപ്പിള്ളിയുടെ സർഗ്ഗാത്മകത
- ഡോ.എൻ.പി.വിജയൻ

എസ്.കാച്ചപ്പിള്ളിയുടെ കഥകൾ
- വത്സ ബേബിച്ചൻ

എസ്.കാച്ചപ്പിള്ളിയുടെ കഥകൾ
- ഡോ.സന്തോഷ് കുമാർ ജി

## കഥയുടെ പകർന്നാട്ടം,
## കാച്ചപ്പിള്ളി കഥകളിലേക്ക് ഒരെത്തിനോട്ടം.

- ജിജോ തളിയച്ചിറ

വാക്കുകൾ ഒരു ശല്ല്യം തന്നെ എന്നിട്ടും മരത്തിൽ ഇലകൾ എന്നപോലെ എന്നിലവ വളരുന്നു, അതിനൊരു അവസാനവുമില്ല. ഉള്ളിന്റെ ഉള്ളിൽ എവിടെയൊ ഒരു മൗനത്തിൽ നിന്ന് അവ പുറത്തു വന്നുകൊണ്ടേയിരിക്കുന്നു.

(മാധവിക്കുട്ടി)

പൂക്കാതിരിക്കാൻ എനിക്കാവതില്ലേ എന്ന കണിക്കൊന്നയുടെ സങ്കടംപോലെ എഴുത്തിന്റെ വഴികളിലേക്ക് എത്തിപ്പെടാതിരിക്കാൻ എനിക്കാവില്ലെന്ന തിരിച്ചറിവിൽ നിന്നും പരുവപ്പെട്ട കഥകളാണ് എസ്. കാച്ചപ്പിള്ളിയുടേത്.

ജീവിതഗന്ധിയായ കഥകൾ എന്ന് പലപ്പോഴും നാം പറയാറുണ്ട്. എന്നാൽ ജീവിതത്തിന്റെ നൈരന്തര്യങ്ങളിൽ ആരാലും അടയാളപ്പെടുത്താതെ കടന്നുപോകുന്ന സാധാരണക്കാരന്റെ സ്വകാര്യ ദു:ഖങ്ങളെ തന്റെ കഥകളിലൂടെ പുനർ നിർമ്മിക്കുകയാണ് ഈ അനുഗ്രഹീതനായ എഴുത്തുകാരൻ. കഥയും സാഹിത്യവും ജീവിതത്തിന് നേർക്ക് തുറന്നുവെച്ച ഒരു അദ്ധ

്യായം തന്നെയെന്ന് ഓർമ്മപ്പെടുത്തുന്നു ഇദ്ദേഹ ത്തിന്റെ ഓരോ കഥകളും. കേശവന്റെ കഥ എന്റെ വിധിയും എന്ന കഥയിലെ വിദ്യാർത്ഥി രാഷ്ട്രീയ ത്തിന്റെ മറ്റൊരു മുഖം വായനക്കാരന് സമ്മാനിക്കു ന്നു. എന്തിനും ഏതിനും തല്ലു കൊള്ളാനും ബഹളം വയ്ക്കാനും വേണ്ടി വാർത്ത് എടുക്കപ്പെടുന്ന രാഷ്ട്രീയ അന്ധത ബാധിച്ച പാവം ചെറുപ്പക്കാരുടെ വിധിയെപ്പറ്റിയുള്ള ഒരു സറ്റയർ ആ വരികൾക്കുള്ളിൽ ഒളിച്ചിരിപ്പുണ്ട്.

രാഷ്ട്രീയത്തോടുള്ള ലഹരി മൂത്ത് വീടും കുടുംബവും മറന്നു ജീവിക്കുന്ന, വായനക്കാരന് പരി ചിതരായ ചില ആളുകളെ യോഗം കഴിയാൻ വൈകി എന്ന കഥയിലെ ദിവാകരനിൽ കണ്ടെത്താൻ കഴിയും. രാഷ്ട്രീയവും അഴിമതിയും അധികാരവും പണവും ഇഴപിരിയുന്ന സാമൂഹിക ക്രമത്തിൽ മുഖ്യധാരയിൽ നിന്നും മാറി ഓരം പറ്റി ജീവിച്ചു തീർക്കാൻ പാടുപെ ടുന്ന സാധാരണക്കാരന്റെ സങ്കടങ്ങൾ ഒറ്റമുറി വീടെന്ന കഥയിലൂടെ കാച്ചപ്പിള്ളി അതീവ ലളിതമായി പറഞ്ഞു വയ്ക്കുന്നു. വാടകയ്ക്ക് എങ്കിലും ഒരൊറ്റമുറി വീട് സ്വന്തമാക്കണമെന്ന് കഥാനായിക യുടെ സങ്കടം ലക്ഷക്കണക്കിനുള്ള സാധാരണ മനുഷ്യരുടെ വലിയ സ്വപ്നങ്ങളിൽ ഒന്നായിത്തീരുന്നു.

കൈക്കൂലി വാങ്ങിക്കാത്തവനെയും കൈക്കൂലി വാങ്ങിപ്പിക്കുന്ന ശപിക്കപ്പെട്ട ഒരു സാമൂഹിക ക്രമ ത്തിന്റെ ഭാഗമാണല്ലോ നാം ഓരോരുത്തരും എന്ന തോന്നൽ രജിസ്റ്റർ ഓഫീസിലെ നാരായണൻ എന്ന

കഥാപാത്രത്തെ പരിചയപ്പെടുമ്പോൾ വായനക്കാരന്റെ മനസ്സിനെ അലോസരപ്പെടുത്തുന്നു.

ഒരു ബുദ്ധിജീവിയും കുറെ അനുയായികളും എന്ന കഥയിൽ ശരിയും തെറ്റും നിർണ്ണയിക്കുന്നത് വാചകക്കസർത്ത് നടത്താൻ അറിയുന്നവന്റെ കഴിവ് മാത്രമായി മാറുന്നത് നാം കാണുന്നു. പീലാത്തോസിന്റെ ന്യായാസനത്തിനു മുന്നിൽ അവനെ കുരിശിലേറ്റുക ബറാബാസിനെ വിട്ടു തരിക എന്ന് അലറി വിളിച്ച ജനക്കൂട്ടത്തിന്റെ അതേ മാനസികാവസ്ഥ തന്നെയാണ് കൃഷ്ണസേനന്റെ വാക്ചാതുര്യത്തിൽ കയ്യടിക്കുന്ന ജനങ്ങൾക്കും ഉള്ളത്.

നിയമയും നിയമപാലകരും കരുതലിനെക്കാൾ അധികം ബാധ്യതയാകുമ്പോൾ അർഹിക്കപ്പെട്ട നീതി പോലും നേടിയെടുക്കാൻ ആവാതെ നീതിപാലകരുടെ കയ്യിലെ പാവകൾ ആകുന്ന നിസ്സഹായനായ മനുഷ്യൻ കൂടകൾക്കിടയിലെ പാവയിൽ വായനക്കാരനെ നിസ്സഹായതയോടെ നോക്കി നിൽക്കുന്നു.

ഇന്റർനെറ്റ് യുഗത്തിന്റെ വിഭ്രമ വലയത്തിൽപ്പെട്ട ചതിക്കുഴികളിൽ പെട്ടുപോകുന്ന നിഷ്കളങ്ക യൗവ്വനങ്ങളുടെ കഥയുമായി മദാലസ എന്ന കഥയെ ചേർത്തു വായിക്കാം. കാലഘട്ടങ്ങളുടെ വ്യത്യാസം അനുഭവങ്ങളുടെ തീഷ്ണത കുറയ്ക്കുന്നില്ല. സ്മിത എന്ന കഥാപാത്രവും കഥാസന്ദർഭങ്ങളും തകർച്ചകളും നഷ്ടങ്ങളും ഒരേപോലെ തന്നെ.

സെൽഫ് ഫിനാൻസിംഗ് പഠനത്തിന്റെ കഥയും കാലഘട്ടത്തിന്റെ കഥ തന്നെ. പഠന മികവ് എന്നത് ഭാരം ആകുന്നതും സംവരണക്കാർ പലപ്പോഴും മേലാളരാവുന്നതും അധികം ആരും ചർച്ച ചെയ്യാത്ത വിഷയങ്ങൾ തന്നെ. അവസരങ്ങൾ നഷ്ടപ്പെട്ടുപോയ ആയിരങ്ങളുടെ കണ്ണുനീർ കഥാനായികയുടെ സങ്കടമായി കഥയിൽ ഉറവ പൊട്ടുന്നു.

എസ്.കാച്ചപ്പിള്ളിയുടെ കഥകൾ ഒരു പ്രത്യേക കാലഘട്ടത്തിനു വേണ്ടി രചിക്കപ്പെട്ടവയല്ല, അത് മനുഷ്യജീവിത സാഗരത്തിലെ വേലിയിറക്കത്തിന്റെയും വേലിയേറ്റത്തിന്റേയും കഥകളാണ്. കടൽക്കരയിൽ നിന്ന് വേലിയിറക്കത്തിലേക്കിറങ്ങിച്ചെന്ന് അവയിൽ നിന്നും മനുഷ്യ ജീവിതത്തിന്റെ തീഷ്ണാനുഭവങ്ങളുടെ മുത്തും പവിഴവും വായനക്കാരന് സ്വന്തമാക്കാം.

വേലിയേറ്റങ്ങളിൽ മനസിന്റെ തോണിയിലേറി കഥക്കാഴ്ചകളുടെ മാസ്മരികതകളെ സ്വന്തമാക്കാം.

## കാച്ചപ്പിള്ളിയുടെ കാഴ്ചകൾ

**- അശ്വതി.പി.**

മലയാള സാഹിത്യകാരനും സാമൂഹിക ചിന്തകനുമായ സബാസ്റ്റിൻ കാച്ചപ്പിള്ളി സാറിന്റെ രചനകൾ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ വിഷയങ്ങളിൽ ആഴമുള്ള നിരീക്ഷണങ്ങളെയും വിമർശനങ്ങളെയും ഉൾക്കൊള്ളുന്നു.

ഒറ്റമുറിവീട്, ഒരു ബുദ്ധിജീവിയും കുറെ അനുയായികളും, ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ, കേശവന്റെ കഥ എന്റെ വിധിയും എന്നിവയാണ് ഞാൻ വായിച്ച അദ്ദേഹത്തിന്റെ പ്രധാന കഥാസമാഹാരങ്ങൾ.

ഒറ്റമുറിവീട് എന്ന കാച്ചപ്പിള്ളി സാറിന്റെ ചെറുകഥ യാഥാർത്ഥ്യത്തിന്റെ കണ്ണാടിയാണ്. ദാരിദ്ര്യത്തിന്റെ വേദനയും അതിജീവനത്തിന്റെ ശക്തിയും നിറഞ്ഞുനിൽക്കുന്ന ഈ കഥ നമ്മളെ സഹാനുഭൂതിയിലേക്കും സാമൂഹിക പ്രതിബദ്ധതയിലേക്കും നയിക്കുന്നുണ്ട്. ദാരിദ്ര്യത്തിൽ കഴിയുന്ന കുടുംബമാണ് കഥയുടെ പശ്ചാത്തലം. അവർ അനുഭിക്കുന്ന സ്വകാര്യതയുടെ അഭാവവും മാനസിക സംഘർഷങ്ങളും സാമൂഹിക അവഗണനയും കഥാകാരൻ ലളിതവും ഹൃദയസ്പർശിയുമായി വരച്ചിടുന്നു. വ്യക്തിപരമായ അനുഭവങ്ങൾ ഉപയോഗിച്ച് സമൂഹതലത്തിലുള്ള

പ്രശ്നങ്ങളെ ആഴത്തിൽ അടയാളപ്പെടുത്തുകയാണ് ഈ കൊച്ചുകഥയിൽ.

അദ്ദേഹത്തിന്റെ കഥാസമാഹാരത്തിൽ ഉൾപ്പെട്ട കേശവന്റെ കഥ എന്റെ വിധിയും ഒരു വ്യക്തിഗത അനുഭവവും അതിൽ നിന്ന് ഉരുത്തിരിയുന്ന ആത്മപ രിശോധനയും ആഴത്തിൽ അവതരിപ്പിക്കുന്ന രചനയാ ണ്. സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട, ജീവിതത്തിന്റെ കനത്ത അനുഭവങ്ങൾ കടന്ന് പോകുന്ന കേശവന്റെ കഥ, വായനക്കാരനെ അതിന്റെ ദാരുണതയിലേക്കും ദാർശനികതയിലേക്കും ആകർഷിക്കുന്നു. കേശവന്റെ കഥ എഴുത്തുകാരൻ കേൾക്കുന്നു, അല്ലെങ്കിൽ അനുഭ വിക്കുന്നു. അതിന്റെ വഴിയിലൂടെ അവൻ തന്റെ ജീവിതത്തെക്കുറിച്ച് ചോദ്യം ചെയ്യാൻ തുടങ്ങുന്നു - അതാണ് എന്റെ വിധി. ഈ കഥയുടെ സാരാംശം മുനുഷ്യന്റെ വിധി എന്ന ദാർശനികതയിലാണ്. ജീവി തത്തിൽ ചിലതൊക്കെ നമ്മുടെ നിയന്ത്രണത്തിനപ്പുറ മാണെന്നും അതിനെ നേരിടുന്ന മാനസിക ശക്തി യാണ് മനുഷ്യനേയും അവന്റെ വേദനയെയും അർത്ഥവത്താക്കുന്നതെന്നും കൃതി സൂചിപ്പിക്കുന്നു. കഥയുടെ ഏറ്റവും ശക്തമായ ഭാഗം അതിന്റെ ദ്വന്ദവീ ക്ഷണമാണ് - കേശവന്റെ ജീവിതവും അതിന്റെ പാഠ ങ്ങൾ അവനെ കാണുന്ന മറ്റൊരു വ്യക്തിയുടെ ജീവി തത്തിൽ ഉണ്ടാക്കുന്ന ആഘാതവുമാണ് ഇതിന്റെ ഉള്ള ടക്കം.

അദ്ദേഹത്തിന്റെ ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ മറ്റൊരു ആനുകാലിക പ്രസക്തി യുള്ള വിഷയത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പഠി

ക്കാൻ യുക്തിയുള്ളവരും കഴിവുള്ളവരുമായ വിദ്യാർത്ഥികൾ എക്കാലത്തും ഒരു രാജ്യത്തിന്റെ പ്രതീക്ഷകളാണ്. എന്നാൽ അവർക്ക് സർക്കാർ മെറിറ്റ് സീറ്റുകൾ ലഭിക്കാതെ വലിയ സാമ്പത്തിക ഭാരമുള്ള സെൽഫ് ഫിനാൻസിങ് സ്ഥാപനങ്ങളിലേക്കാണ് വഴി മാറുന്നത്. അതേസമയം ഇവരേക്കാൾ മാർക്ക് വ്യത്യാസമുള്ള കുട്ടികൾ സാമൂഹിക സംവരണം വഴി സർക്കാർ സീറ്റുകൾ ഉറപ്പിക്കുന്നു. ഇത് നീതിയുടെ പൊതുവിമർശനമാണ്. ഒരു സമൂഹം അഭിമുഖീകരിക്കേണ്ട അനീതിയുടെ വിരസസത്യം രാഷ്ട്രീയമായി സംവരണം നിലനിൽക്കേണ്ടതിന്റെ ആവശ്യകതയെ നിഷേധിക്കാനാവില്ല. ചരിത്രപരമായി അധികാരവും അവസരവും നിഷേധിക്കപ്പെട്ട വിഭാഗങ്ങൾക്ക് പിന്തുണ നൽകേണ്ടതുണ്ട്. പക്ഷെ സമകാലികമായി ഈ സിസ്റ്റത്തിൽ ഉള്ള അന്തരീക്ഷം മിടുക്കരെ ദണ്ഡിപ്പിക്കുന്ന വിധമായില്ലെ എന്ന ചോദ്യം ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ ഉയർത്തുന്നുണ്ട്.

സബാസ്റ്റിൻ കാച്ചപ്പിള്ളിയുടെ ഓർമ്മക്കുറിപ്പുകൾ എന്ന പുസ്തകം ജീവിതാനുഭവങ്ങളുടെ ആഴത്തിൽ നിന്ന് ഉദിച്ച എഴുത്താണ്. വ്യക്തിഗത ഓർമ്മകൾക്കകത്ത് സാമൂഹിക ചരിത്രവും കാലാനുഭവങ്ങളും ആത്മപരിശോധനയും ഒത്തുചേരുന്നുണ്ട്. ഈ പുസ്തകത്തിൽ എഴുത്തുകാരൻ വിദ്യാഭ്യാസം, സാമൂഹിക ഇടപെടലുകൾ, ആധികാരികയോടള്ള പ്രതികരണങ്ങൾ തുടങ്ങിയ വിഷയങ്ങൾ ആത്മതത്വപരമായ ഗൗരവത്തോടെ അവതരിപ്പിക്കുന്നു. കാച്ചപ്പിള്ളിയുടെ ഭാഷ ലളിതവും ആത്മാർത്ഥവുമാണ്. വായനക്കാരെ

നേരിട്ട് സ്പർശിക്കുന്നതുമാണ്. കടുത്ത സാമൂഹിക വിമർശനങ്ങൾ ഉൾക്കൊള്ളുന്നതുമാണ് ഈ ഓർമ്മ ക്കുറിപ്പുകൾ പോലും. സബാസ്റ്റിൻ കാച്ചപ്പിള്ളി മല യാള ലേഖന സാഹിത്യത്തിൽ സാമൂഹിക ബോധവും വ്യക്തിപരമായ ആഴവും കലർത്തിയതിന്റെ ഉദാത്ത ഉദാഹരണമാണ്. അദ്ദേഹത്തിന്റെ ലേഖന സമാഹാര ങ്ങൾ ആധുനിക കേരളത്തിന്റെ രാഷ്ട്രീയ-സാമ്പത്തി ക-സാംസ്ക്കാരിക സത്യങ്ങളെ മാനവികതയുടെ കണ്ണാടിയിലൂടെയാണ് വായിക്കുന്നത്.

കേരള മോഡൽ പ്രതിസന്ധി, കേരള സാമ്പ ത്തിക പ്രതിസന്ധി തുടങ്ങിയ കൃതികൾ ഗൗരവമുള്ള സാമൂഹിക പ്രശ്നങ്ങളെ വിലയിരുത്തുന്നു. വികസന ത്തിന്റെ മറവിൽ മറഞ്ഞു നിൽക്കുന്ന എതിർധാരകളെ എളുപ്പഭാഷയിൽ തുറന്നു കാണിക്കുന്നു.

എന്റെ ജനാധിപത്യ ചിന്തകൾ, സഞ്ചരിക്കുന്ന അടിയന്തരാവസ്ഥ, എന്റെ സാമൂഹ്യ സുരക്ഷാ ചിന്ത കൾ എന്നീ കൃതികൾ ഏകാധിപത്യ പ്രവണതകൾ, ജനങ്ങളുടേയും ജനാധിപത്യ സംവിധാനങ്ങളുടേയും ചുമതലകൾ, നിയമപരമായ സ്വാതന്ത്ര്യങ്ങളുടെ മാന്ത്രി കത തുടങ്ങിയ വിഷയങ്ങളിൽ ഗഹനമായ നിരീക്ഷണ ങ്ങൾ പങ്കുവക്കുന്നു.

ക്ലബ് ഹൗസ്, ക്ലബ് ഹൗസ് രണ്ടാംഭാഗം, മൊഴി മുത്തുകൾ, ചിതറിയ ചിന്തകൾ, കഥ തുടരുന്നു തുട ങ്ങിയ കൃതികൾ സമൂഹത്തിലെ നിത്യസംസാരങ്ങൾ, ചിന്തകളുടെ തെറ്റായ വഴിത്തിരിവുകൾ, വെളിച്ചം

കിട്ടാത്ത അനുഭവങ്ങൾ എന്നിവയിൽ നിന്ന് എഴു ന്നേൽക്കുന്ന ലഘുചിന്തകളാണ്.

സാന്ത്വനം, ദുരന്തങ്ങൾ നൽകുന്ന പാഠം എന്നീ കൃതികൾ മനുഷ്യബന്ധങ്ങൾ, ദുഖാനുഭവങ്ങൾ, കരുണ എന്നിവയുടെ സാമൂഹിക പശ്ചാത്തലത്തിൽ ഒരനുഭവ സാഹിത്യംപോലെ കാണാം.

കാച്ചപ്പിള്ളിയുടെ ലേഖന സമാഹാരങ്ങൾ ഓരോന്നും കാലത്തിന്റെ കാഴ്ചപ്പാടുകളും എഴുത്തു കാരന്റെ നിലപാടുകളും ചേർന്ന് നമ്മുടെ സമൂഹത്തെ തിരിച്ചറിയാനുള്ള ഒരു കണ്ണാടിയാണ്. ലളിതമായ ഭാഷയും വ്യക്തമായ ദൃശ്യമാനത്വവുമാണ് അദ്ദേഹ ത്തിന്റെ രചനകളുടെ ശക്തി. ഈ കൃതികൾ വായന ക്കാരനെ ചിന്തിപ്പിക്കുകയും പ്രതികരിക്കാൻ പ്രേരിപ്പി ക്കുകയും ചെയ്യുന്നു.

മലയാളത്തിലെ സമൂഹിക നിരീക്ഷണ സാഹി ത്യത്തിന് അതിന്റെ രുചിയും രഹസ്യവും പകർന്നു നൽകിയ എഴുത്തുകാരനാണ് സബാസ്റ്റിൻ കാച്ചപ്പി ള്ളി. കാച്ചപ്പിള്ളിയുടെ ലേഖനങ്ങളും ഓർമ്മക്കുറിപ്പു കളും ഏറെ ലളിതമായ ഭാഷയിലാണ് എഴുതപ്പെട്ടത്. അക്കാദമിക് ബാഹുല്ല്യങ്ങൾ ഒഴിവാക്കി പൊതുജനങ്ങ ളോട് നേരിട്ട് സംസാരിക്കുന്ന പോലെ ആഖ്യാനം മുന്നോട്ടു പോകുന്നു. ഉദാഹരണം: ഓർമ്മക്കുറിപ്പു കൾ, സാന്ത്വനം മുതലായ കൃതികളിൽ വ്യക്തിപര മായ അനുഭവങ്ങൾ അനായാസമായാണ് പങ്കുവെ യ്ക്കുന്നത്. ഈ ലാളിത്യത്തിലൂടെ അദ്ദേഹത്തിന്റെ

ലേഖനങ്ങളിൽ നിന്ന് നാം കാണുന്നത് സാമൂഹിക മായി തികച്ചും പ്രസക്തമായ വിഷയങ്ങളാണ്.

കേരള മോഡൽ, ദുരന്തങ്ങൾ, അടിയന്തരാവ സ്ഥ, ക്ലബ് ഹൗസ്, ജനാധിപത്യം, സാമൂഹിക സുരക്ഷ എന്നീ ലേഖനങ്ങൾ മലയാള സമൂഹം നേരിടുന്ന ഇന്ന ലെയും ഇന്നും നിലനിൽക്കുന്ന വിഷയങ്ങളുടെ ആധി കാരിക രേഖകളാണ്.

കാച്ചപ്പിള്ളിയുടെ ഏറ്റവും വലിയ സവിശേഷത യാണ് നിരാകരണ ബോധത്തോടെയുള്ള സാഹിത്യം. കേരള സാമ്പത്തിക പ്രതിസന്ധി, സഞ്ചരിക്കുന്ന അടി യന്തരാവസ്ഥ, എന്റെ ജനാധിപത്യ ചിന്തകൾ തുട ങ്ങിയ കൃതികൾ മുഖാമുഖം പോരാടുന്ന സാമൂഹിക -രാഷ്ട്രീയ പശ്ചാത്തലങ്ങളെയാണ് ആക്ഷേപപൂർവം അന്വേഷിക്കുന്നത്. ആ വാദം സമഗ്രമായ പ്രതിബദ്ധ തയോടെയാണ്. അധികാര വ്യവസ്ഥകളുടെ രൂപഭേദ ങ്ങളെയും സമൂഹത്തിലെ അനീതികളെയും തുറന്നു നോക്കുന്നു.

സബാസ്റ്റിൻ കാച്ചപ്പിള്ളിയുടെ സാഹിത്യം ലളി തമാണ്. പക്ഷെ അതിന്റെ താളം ജീവിതത്തിന്റെ ആഴ ങ്ങളിൽ പതിയിരിക്കുന്നു. ആനുകാലികത, സാമൂഹിക ഉത്തരവാദിത്വം, തീവ്രമായ വിമർശനം, മനുഷ്യന്റെ ഉള്ളിലായുള്ള സങ്കടങ്ങളുടെ രേഖപ്പെടു ത്തൽ - ഇതൊക്കെയാണ് അദ്ദേഹത്തെ ഓരോ കൃതി യിലും ഒരു നിശ്ചല ദൃക്സാക്ഷിയാക്കി മാറ്റുന്നത്.

അദ്ദേഹത്തിന്റെ രചനകൾ ഒരു വായനയല്ല - ഒരു പ്രതികരണമാണ്.

# സബാസ്റ്റിൻ കാച്ചപ്പിള്ളിയുടെ കഥകൾ:

വിനീത വാസു, 9074126968

ജാതിമത ചിന്തകൾക്കും രാഷ്ട്രീയ ചിന്താഗതി കൾക്കും അതീതമായി തന്റെ തൂലികയിലൂടെ ഉറക്കെ പറയുവാൻ കഴിഞ്ഞു എന്നതാണ് ശ്രീ.സബാസ്റ്റിൻ കാച്ചപ്പിള്ളിയുടെ കഥകളുടെ അന്തസത്ത.

നമുക്ക് ചുറ്റും നമ്മൾ നിത്യം കാണുന്ന ജീവിത ങ്ങൾ, അതിൽ കൂട്ടിച്ചേർത്ത ചേരുവകൾ ഒന്നുമില്ല. അമിതമായ ഭാവനകൾ ഇല്ല. ജീവിതത്തിന്റെ കയ്പും പുളിപ്പും മധുരവും സാധാരണ ആളുകൾക്ക് കൂടി മന സ്സിലാകുന്ന വിധത്തിൽ ജീവിതത്തോട് ചേർന്ന് നിൽക്കുന്ന കഥകൾ. ഏതു കാലത്തിലും പ്രായ ത്തിലും ഉള്ള ആളുകൾക്കും മനസിലാകുന്ന മിതത്വ മായ ഭാഷ. നമ്മൾ ദിവസേന കാണുന്ന എത്ര രമേശ ന്മാർ, സ്മിതമാർ, കേശവന്മാർ. ഇവർക്കൊക്കെ തന്റെ കഥകളിലൂടെ അദ്ദേഹം ജീവൻ നൽകിയിരിക്കുന്നു.

വളവുകളും തിരിവുകളുമില്ലാതെ മനസിലെ ചിന്തകൾ, എഴുതുന്ന വരികളിലെ കൃത്യത, സമൂഹ ത്തിലേക്ക് ഇറങ്ങിച്ചെല്ലാനും ഏതു തരത്തിലുള്ള ആളുകൾക്കും മനസിലാക്കാനും സാധിക്കുക ....

അത് ഒരു എഴുത്തുകാരന്റെ വിജയമാണ്. അങ്ങനെ ഒരു പൂർണ്ണത ശ്രീ.സബാസ്റ്റിൻ കാച്ചപ്പിള്ളിയുടെ എല്ലാ കഥകളിലും കാണാം.

“ഒറ്റമുറിവീട്”തുടങ്ങുന്നത് സാധാരണ ജീവിതങ്ങളിൽ നിന്നാണ്. എല്ലായിടത്തുമുണ്ട് കുടുംബത്തിനു വേണ്ടി ഒരു ഉണ്ണി, മറ്റുള്ളവർക്ക് വേണ്ടി ഒരു അബൂക്ക, അധികാരികൾക്ക് വേണ്ടി ബലിയാടാവുന്ന ദിവാകരന്മാർ, കാണികൾക്കിടയിൽ ശൂന്യമായി പോകുന്ന ജയസൂര്യമാർ.

“ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ”, സമകാലീന പ്രശ്നങ്ങളോടുള്ള ചോദ്യചിഹ്നമാണ്. “പ്രമോഷൻ സാധ്യതകൾക്കിടയിലൊരു കാര്യക്ഷമത” എന്ന കഥ തന്നെ എടുത്ത് നോക്കിയാൽ നമുക്ക് മനസിലാവും. പിന്നോക്ക സംവരണം വഴി ജോലി കിട്ടിയ തനിക്ക് സ്വന്തം താൽപ്പര്യങ്ങളെക്കാൾ വലുതല്ല സ്ഥാപനം എന്ന് രമേശൻ പറയുമ്പോൾ എല്ലാവരിലും ചിന്തയുടെ കനൽ പാകിയാണ് അദ്ദേഹം കഥ അവസാനിപ്പിക്കുന്നത്. ഒരാളുടെ സംസാരത്തിൽ അയാളുടെ മനുഷ്യത്വവും സംസ്കാരവും കാര്യക്ഷമതയും കിടപ്പുണ്ട്. “ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ”, വേറൊരു ചിന്താശകലം നൽകുന്നു. സമുദായങ്ങൾക്കും അതിന്റെ വേർതിരിവുകൾക്കും ഇടയിൽ ഒരുപാടു ജീവിതങ്ങൾ ചതഞ്ഞരക്കപ്പെടുന്നു. കഴിവുകളേക്കാൾ കിഴിവു

കൾക്ക് കയറ്റം കിട്ടുമ്പോൾ മിടുക്കുകൾക്ക് അടി സ്ഥാനം ഇല്ലാതാവുന്നു. ഒരു ഗൃഹനാഥന്റെ ചിന്ത കളെ തുറന്നുകാണിക്കുന്ന ‘‘വീണ്ടുമൊരു അംബാസി ഡർ യാത്ര’’, മക്കൾ വേർതിരിവ് കാണിക്കുന്ന ‘‘അച്ഛൻ മകളുടെ കൂടെയാണ് താമസം’’, ‘‘മുകളിലൊ രാൾ’’, ‘‘കള്ളന്റെ മകൾ’’ എല്ലാം തികഞ്ഞ സാധാരണ ത്വം വെളിവാക്കുന്ന പച്ചയായ മനുഷ്യ ജീവിതങ്ങ ളോട് ചേർന്ന് നിൽക്കുന്ന കഥകളാണ്. വോട്ട് ചെയ്തു പറഞ്ഞു വിടുന്ന രാഷ്ട്രീയ പാർട്ടികൾ, സമു ദായ വോട്ടിന് ഇരക്കുന്ന നേതാക്കന്മാർ ‘‘സമുദായ ത്തിനൊരു വോട്ട്’’ കഥയിലൂടെ വ്യക്തമായി കഥാ കൃത്ത് വിമർശിച്ചിരിക്കുന്നു എന്ന് തന്നെ പറയാം.

‘‘കേശവന്റെ കഥ എന്റെ വിധിയും’’ അദ്ദേഹ ത്തിന്റെ കഥകളുടെ ഏറ്റവും വലിയ പ്രത്യേകതയായി തോന്നുന്നത്, സമകാലിയ രാഷ്ട്രീയത്തിന്റെ കറുപ്പും ഇരുട്ടും ഒരു മടിയുമില്ലാതെ ആളുകളിലേക്ക് എത്തി ക്കാൻ കഴിയുന്നു എന്നതാണ്. ‘‘തോറ്റ വിദ്യാർത്ഥ യുടെ പഠനം’’, ‘‘പ്രതീക്ഷ നഷ്ടപ്പെട്ടവർ’’ ഒരു തര ത്തിൽ പറഞ്ഞാൽ സമകാലിന സംഭവങ്ങളുമായി ഏന്തെങ്കിലും ബന്ധം തോന്നിയാൽ അതിൽ അത്ഭുത പ്പെടാനില്ല. സർക്കാർ നിയമനങ്ങൾ ശരിക്കും ഒരു തുറന്നു പറച്ചിൽ ആണെന്ന് തന്നെ പറയേണ്ടി വരും. സമ്മർദ്ദങ്ങളിലും പരാതികളിലും പെട്ടു സംതൃപ്തിപ്പെ ടുത്താൻ ചെയ്യേണ്ടി വരുന്ന നിയമനങ്ങൾ, അത് താന

ല്ലയോയിത് പ്രതീതി തന്നെയാണ് ജനിപ്പിക്കുന്നത്. "പെട്ടിക്കടകൾക്കിടയിലെ ക്യാമ്പസ് ജീവിതങ്ങൾ" നല്ല നടുക്കത്തോടും പേടിയോടും തന്നെ ഈ കാല ഘട്ടത്തിൽ പറയേണ്ടി വരും. വളരെ അച്ചടക്കത്തോടു കൂടി വളർത്തിയ നമ്മുടെ കലാലയങ്ങൾ മയക്കു മരുന്നുകളുടെയും, ലഹരിയുടേയും ഇടയിൽ കുടുങ്ങിത്തുടങ്ങി. "ഇന്നത്തെ ക്ലാസ്സ് മുറികളിൽ വാർത്തെടുക്കുന്ന നാളത്തെ പൗരന്മാർ" എഴുത്തുകാരനുള്ള വ്യാകുലത എല്ലാ മാതാപിതാക്കളിലും വ്യത്യസ്തമല്ല. പ്രവാസി ജീവിതത്തിലെ കയ്പേറിയ അനുഭവങ്ങൾ പറയുന്ന "കാട്ടുമാക്കാൻ", വ്യവസായ ജീവിതം പറയുന്ന "കാൽച്ചുവട്ടിലെ റീത്ത്", പുത്തൻപണക്കാരന്റെ ഹെലിക്കോപ്റ്റർ കഥ പറയുന്ന "പാരവശ്യത്തിനൊരു ശമനം" - ചിന്തിച്ചു നോക്കുമ്പോൾ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നമുക്ക് ചുറ്റുമുള്ള പല കഥാപാത്രങ്ങളോടും സമാനമായിരിക്കുന്നു എന്ന് തന്നെ തോന്നിപോകുന്നു.

ശ്രീ.സബാസ്റ്റിൻ കാച്ചപ്പിള്ളി പറഞ്ഞപോലെ ചെറിയ ലോകത്തിൽ ചെറിയ ആഗ്രഹങ്ങളുമായി ജീവിച്ചു പോകുന്ന ചെറിയ മനുഷ്യരുടെ കഥകൾ. അദ്ദേഹത്തിന്റെ അർത്ഥഗർഭമായ ഈ വാക്കുകൾ ഏത് അർത്ഥത്തിൽ നോക്കിയാലും അത് തന്നെയാണ് അദ്ദേഹത്തിന്റെ കഥകളെ വിശേഷിപ്പിക്കാൻ പൂർണ്ണമായ വാക്കുകൾ.

വളരെ ലളിതമായി, സാധാരണത്വം നിറഞ്ഞ ജീവനുള്ള മനുഷ്യരെയാണ് അദ്ദേഹത്തിന്റെ കഥകളിൽ നമ്മൾ കാണുന്നത്. അനുഭവങ്ങളെ ആയുധമാക്കി മാറ്റാൻ മനുഷ്യരെ അറിഞ്ഞവർക്കെ കഴിയൂ. ഏത് തലങ്ങളിലും ഇറങ്ങിച്ചെന്ന് യാതൊരു ഭയപ്പാടുകളും കൂടാതെ തെറ്റിനെ തെറ്റായി തന്നെ പ്രകടിപ്പിക്കാനും ശരികളെ കൂടെ നിർത്താനും കഴിയുന്ന രചനകൾ നല്ലൊരു കഥാകൃത്തിനും അതിലുപരി നല്ലൊരു മനുഷ്യനുമെ കഴിയുകയുള്ളൂ.

അദ്ദേഹത്തിന്റെ ലേഖനങ്ങൾ (ചിതറിയ ചിന്തകൾ, ക്ലബ് ഹൗസ്, എന്റെ ജനാധിപത്യ ചിന്തകൾ) ആയാലും വാർത്താധിഷ്ഠിത (കഥ തുടരുന്നു) എഴുത്തുകൾ ആയാലും എല്ലാം പുതുതലമുറയ്ക്ക് ഒരു പ്രചോദനമാണ്, പാഠമാണ്. സ്വന്തം ചിന്തകൾക്ക് കടിഞ്ഞാണിട്ട് ഒരു എഴുത്തുകാരന്റെ അഭിപ്രായ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യാനാവില്ല. അങ്ങനെ ചെയ്യേണ്ടതില്ല.

മലയാള സാഹിത്യം പിറന്ന കാലം മുതൽ ആ തൂലികകൾ ആർക്കും വേണ്ടി വഴി മാറിയിട്ടില്ല. ശ്രീ. സബാസ്റ്റിൻ കാച്ചപ്പിള്ളിയെപ്പോലുള്ള എഴുത്തുകാർ, അദ്ദേഹത്തിന്റെ കഥകൾ, ലേഖനങ്ങൾ എല്ലാം എന്നും വരാനിരിക്കുന്ന തലമുറകൾക്ക് കൂടി മുതൽ കൂട്ടായിരിക്കും.

# എസ്.കാച്ചപ്പിള്ളിയുടെ കഥകൾ

രഞ്ചു ജോസ്, 9961224277.

കഥകളും കവിതകളും മനുഷ്യനെ ചിന്തിപ്പിക്കുന്നു. ഒരു യന്ത്രമനുഷ്യനിൽ നിന്ന് അവനെ വ്യത്യസ്തനാക്കുന്നത് നന്മ ആസ്വദിക്കുന്നതിനുള്ള അവന്റെ കഴിവാണ്. കഥകളുടെ ലോകം വളരെ വിശാലമാണ്. ഈസോപ്പു കഥകൾ, വേതാള കഥകൾ, ഐതീഹ്യമാല ഇതിഹാസ കഥകൾ, ഗുണപാഠ കഥകൾ, ചെറുകഥ, നോവൽ, നാടകം, സിനിമ തിരക്കഥ തുടങ്ങി എത്രയെത്ര കഥകളിലൂടെയാണ് നാം നിത്യേന കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്.

നാം ജീവിക്കുന്ന സമൂഹം നിരന്തരമായ പരിണാമങ്ങൾക്ക് വിധേയമാണ്. ഇന്നു കാണുന്നത് നാളെ ഉണ്ടായിക്കൊള്ളണമെന്നില്ല. പുതിയത് വരുമ്പോൾ പഴയത് അപ്രസക്തമാകുന്നു. ചിന്തകളിൽ നിന്നാണ് മികച്ച പ്രവർത്തികൾ ഉണ്ടാകുന്നത്. വ്യത്യസ്തമായ ജീവിത സാഹചര്യങ്ങളിൽ കൂടെയാണ് ഓരോ മനുഷ്യനും കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. ഉയർന്ന ചിന്താശേഷിയുള്ളവർ, മാറുന്ന സാഹചര്യങ്ങളെ അപഗ്രഥിച്ച്, സമൂഹത്തിന് ഉണ്ടാകുന്ന അപചയങ്ങളെ നിരീക്ഷിച്ച് മറ്റുള്ളവർക്ക് മനസ്സിലാകാൻ

പാകത്തിന് ലളിതമായി കഥയായും കവിതയായും ഉപമകളായുമൊക്കെ നമുക്കു മുമ്പിൽ വരച്ചിടുന്നു. ഇങ്ങനെയുള്ള ഒരു മഹത് വ്യക്തിത്വമാണ് ശ്രീ.എസ്. കാച്ചപ്പിള്ളി.

ശ്രീ.എസ്.കാച്ചപ്പിള്ളി കഥകൾ, ലേഖനങ്ങൾ, നുറുങ്ങു ലേഖനങ്ങൾ തുടങ്ങി വ്യത്യസ്ത മേഖലകളിൽ തന്റെ സർഗ്ഗശേഷി തെളിയിച്ചിട്ടുണ്ട്. തന്റെ തന്നെ ജീവിതാനുഭവങ്ങളിലൂടെ അനുഭവേദ്യമായ കാര്യങ്ങളാണ് അദ്ദേഹത്തിന്റെ രചനകളിലെല്ലാം നിറഞ്ഞു നിൽക്കുന്നത്. കേരള സാമ്പത്തിക പ്രതിസന്ധി, സംവരണത്തിനു വരേണ്ട കാലിക മാറ്റങ്ങൾ, യൂണിയൻ അതിസമ്മർദ്ദങ്ങൾ, ലഹരിയുടെ അതിവ്യാപനം, ജനാധിപത്യത്തിന് സംഭവിച്ചിരിക്കുന്ന അപചയങ്ങൾ, വിദ്യാഭ്യാസത്തിനു സംഭവിച്ചിരിക്കുന്ന പാളിച്ചകൾ എന്നീ വൈവിധ്യമാർന്ന വിഷയങ്ങൾ ചൂണ്ടിക്കാണിച്ചതിനൊപ്പം അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളും തന്റെ ചിതറിയ ചിന്തകളിലൂടെ നൽകുന്നു.

എസ്.കാച്ചപ്പിള്ളിയുടെ കഥകളെപ്പറ്റിയാണ് ഈ ലേഖനത്തിൽ നാം പരിചയപ്പെടാൻ ശ്രമിക്കുന്നത്. മനുഷ്യൻ ഒരു സമൂഹ ജീവിയാണ്. ഒരാൾ എത്ര തന്നെ നല്ലവനാണെങ്കിലും അവൻ ആയിരുന്ന സാഹചര്യങ്ങൾക്ക് അനുസരിച്ച് സ്വയം പരുവപ്പെടേണ്ടതുണ്ട്. മാറ്റങ്ങൾക്ക് പുറംതിരിഞ്ഞു നിൽക്കുന്ന മനുഷ്യൻ ജീവിതത്തിൽ പരാജയപ്പെടുന്നു. ഒഴുക്കിനൊപ്പം നീന്തുക എന്ന പൊതുതത്വമാണ് മനുഷ്യന് അഭികാമ്യമായിട്ടുള്ളത്. ജാതി സംവരണം കാലാ

നുശ്രണം പരിഷ്ക്കരിക്കാത്തതുമൂലം കഴിവ് കുറഞ്ഞവർ ഉയർന്ന തസ്തികകളിലേക്ക് പ്രവേശിക്കുന്നു. അപകടരമായ സ്ഥിതിവിശേഷത്തെ ഒന്നു രണ്ടു കഥകളിലൂടെ ശ്രീ.കാച്ചപ്പിള്ളി വരച്ചു കാട്ടുന്നു. ആഗ്രഹങ്ങളേറെയുണ്ടായിട്ടും അതിനുവേണ്ട പരിശ്രമം നടത്താത്തവരേയും വരുമാനത്തിൽ നിന്നു മിച്ചം പിടിച്ച് ചിലവ് നടത്താതെ കടക്കെണിയിലാകുന്നവരുമൊക്കെ നമ്മുടെ മുമ്പിൽ കഥാപാത്രങ്ങളായി അവതരിക്കുന്നു. നമ്മുടെ നിത്യജീവിതത്തിൽ തീർച്ചയായും ഇത്തരം കഥാപാത്രങ്ങൾ കടന്നു പോയിട്ടുണ്ടാകാം.

ഒറ്റമുറിവീട് എന്ന കഥയിലെ ഉണ്ണിയേട്ടൻ കേവല സ്വപ്നലോകത്ത് വിരാജിക്കുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ലത നഷ്ടപ്രതീക്ഷകളിൽ നിന്ന് യാഥാർത്ഥ്യം ഉൾക്കൊണ്ട് നാളെ പാൽക്കാരനു കൊടുക്കാനുള്ള കാശിനെപ്പറ്റി വ്യാകുലപ്പെടുന്നു. ലക്ഷ്യത്തിനു വേണ്ട പരിശ്രമം ഉണ്ടാകാതെ വെറുതെ സ്വപ്നം കണ്ടു നടക്കുന്നതിലെ വ്യർത്ഥത നമുക്കു മനസിലാക്കിതരുന്നു.

സുഹൃത്തിനൊരു ജാമ്യം എന്ന കഥയിലെ രാഘവേട്ടനും ഉണ്ണിയെപ്പോലെ ആഗ്രഹങ്ങൾക്ക് പിന്നാലെ പായുന്നു. സുമം പലചരക്കു കടക്കാരനു കൊടുക്കാനുള്ള കുടിശ്ശികയെപ്പറ്റി ഓർമ്മിപ്പിക്കുമ്പോഴും അയാൾ ശിവദാസനിൽ നിന്ന് കടം വാങ്ങി ഊട്ടിയാത്ര സ്വപ്നം കാണുന്നു. ഒടുവിൽ ശിവദാസൻ പരിചയപ്പെടുത്തിയ സുഹൃത്തിന്റെ ജാമ്യക്കുടിശ്ശിക ശമ്പളത്തിൽ നിന്നും പിടിച്ചപ്പോൾ മണ്ണിൽ തല

യിട്ട് യാഥാർത്ഥ്യങ്ങളിൽ നിന്ന് ഒളിക്കാൻ ശ്രമിക്കുന്ന ഒട്ടക പക്ഷിയെപ്പോലെ മദ്യത്തിൽ ശരണം പ്രാപിക്കുന്നു.

ഞാൻ അത്തരക്കാരനല്ല എന്ന കഥയിലെ നാരായണൻ തുടക്കത്തിൽ സത്യസന്ധനായിരിക്കാൻ പരിശ്രമിക്കുകയും പിന്നീട് ഓഫീസിലെ മറ്റ് ഉദ്യോഗസ്ഥരുടെ കൂട്ടുകച്ചവടത്തിൽ പങ്കാളിയാകാൻ നിർബന്ധിതനാകുന്നു. സഹകരിക്കുക അല്ലെങ്കിൽ അനുഭവിക്കുക എന്നതാണ് സാമാന്യതത്വം എന്നു മനസിലാക്കുന്നു.

തീർച്ചയായും വരണം അടുത്തയാൾക്ക് കുളമാക്കാൻ എന്ന കഥയിലെ അനിൽ ജോലിയോടുള്ള അമിതമായ ആത്മാർത്ഥത കാരണം വീട്ടുകാര്യങ്ങൾ പോലും വിസ്മരിച്ച് ഓഫീസ് ചിട്ടപ്പെടുത്തുകയും എന്നാൽ വിദ്യാർത്ഥിയുടേയും വിദ്യാർത്ഥിയുടെ മാതാപിതാക്കളുടേയും ഭീഷണിക്ക് മുന്നിൽ പതറുന്നു. വൈകിവന്ന തിരിച്ചറിവുകൾ ഉണ്ടായെങ്കിലും അടുത്തയാൾക്കു വേണ്ടി അദ്ദേഹം കളം മാറുന്നു.

പ്രമോഷൻ സാധ്യതകൾക്കിടയിലെ കാര്യക്ഷമത എന്ന കഥയിൽ ഒരു പഞ്ചായത്ത് സെക്രട്ടറി മെമ്പർമാരുടെ പദ്ധതികൾക്ക് കൂട്ടുനിൽക്കാത്തതിന്റെ പേരിൽ സഹിക്കേണ്ട മാനസിക വ്യഥയും ഏറ്റുമുട്ടലുകളും പരാമർശിക്കുന്നു. ഒരാളുടെ സംസാരത്തിൽ നിന്നു തന്നെ അയാളുടെ കഴിവും പ്രാപ്തിയും നിശ്ചയിക്കാൻ സാധിക്കുമെന്ന് നമുക്ക് മനസിലാകുന്നു.

കമ്പ്യൂട്ടർ എന്ന കഥയിലെ സേതുരാമൻ മാറ്റ ത്തിന് പുറം തിരിഞ്ഞു നിൽക്കാൻ ശ്രമിക്കുകയും എന്നാൽ അത് ഉൾക്കൊണ്ടപ്പോൾ ഒഴുക്കിനൊപ്പം നീന്തുകയാണ് ശരി എന്ന ലോകതത്വം ഗ്രഹിക്കുന്നു.

ഒരു സെൽഫ് ഫിനാൻസിങ് പഠനം എന്ന കഥ യിൽ രണ്ടു കൂട്ടുകാരികളുടെ സൗഹൃദമാണ് പ്രതിപാ ദിക്കുന്നത്. ശ്യാമള എന്ന കഥാപാത്രം കുറഞ്ഞ കഴിവും മാർക്കും നേടിയിട്ടും സംവരണം എന്ന ആനുകൂല്യത്തിന്റെ പിൻബലത്തിൽ ഉയർന്ന കോളേ ജിലും പിന്നീട് ഓഫീസ് മേധാവിയും ആകുന്നു. ആഗ്രഹവും കഴിവും ഉണ്ടായിരുന്ന വ്യക്തി പാതിവഴി യിൽ പഠനം നിറുത്തി ട്യൂഷൻ ടീച്ചർ ആവുകയും ഒടു വിൽ ശ്യാമളയ്ക്ക് കീഴിൽ തൂപ്പുജോലി ചെയ്യാൻ നിർബന്ധിതയാകുന്നു. സംശയം ചോദിക്കാൻ ആളാ യല്ലോ എന്ന ശ്യാമളയുടെ കമന്റ് കൂട്ടുകാരിക്ക് ഉൾക്കൊള്ളാവുന്നതിലും അപ്പുറം ആയിരുന്നു.

ഒരു ബുദ്ധിജീവിയും കുറെ അനുയായികളും എന്ന കഥയിലെ കൃഷ്ണസേനൻ തന്റെ മനസ്സാ ക്ഷിക്കു വിരുദ്ധമായി ജനങ്ങളെ സുഖിപ്പിച്ച് വർത്ത മാനം പറഞ്ഞ് സംഘർഷങ്ങൾ ഉണ്ടാക്കി ഒടുവിൽ തിരിച്ചറിവുണ്ടായപ്പോഴേക്കും എല്ലാം കൈവിട്ട് പോയി രുന്നു. കാൽചുവട്ടിലെ റീത്ത് എന്ന കഥയിലെ ജോർജ്ജ്കുട്ടിക്ക് താൻ പടുത്തുയർത്തിയ സ്ഥാപനം നാശത്തിലേക്ക് നീങ്ങുന്നത് കാണേണ്ടി വരുന്നു. ആനുകൂല്ല്യങ്ങളും മറ്റും കൈപ്പറ്റിയ സാമുദായിക നേതാക്കളും രാഷ്ട്രീയ നേതാക്കളും ഒടുവിൽ ശത്രു

ക്കളായി മാറുന്നു. ജീവിതത്തിന്റെ നശ്വരത, മരണ ശേഷം വരുന്ന പ്രശംസകൾ, സ്വത്തിനുവേണ്ടി മക്കളുടെ പിടിവലി എല്ലാം പരാമർശ വിഷയമാകുന്നു.

പ്ലാസ്റ്റിക് കൂടകൾക്കിടയിലെ പാവ എന്ന കഥയിലെ കടക്കാരൻ ന്യായമായ കേസ് കൊടുത്തത് എങ്ങനെയെങ്കിലും പിൻവലിപ്പിക്കാൻ പെടാപ്പാടുപെടുന്നു. ഈ ഊരാക്കുടുക്കിൽ നിന്നും രക്ഷിക്കാൻ നനഞ്ഞിടം കുഴിക്കുന്ന പോലീസുകാരനേയും ഈ കഥയിൽ നമുക്ക് കണ്ടെത്താം.

മകളെ നീയെന്നെ തോൽപ്പിച്ചു എന്ന കഥയിലെ സുനിത ആരെയും കൂസാതെ ആരുടെ മുന്നിലും തോൽക്കാതെ ജീവിച്ച് പോകുമ്പോൾ മകളുടെ സ്വന്തം അച്ഛനെക്കുറിച്ചുള്ള ചോദ്യത്തിനു മുന്നിൽ ആദ്യമായി അടിയറവ് പറയുന്നു.

ബ്രോക്കർ എന്ന കഥയിലെ കുമാരേട്ടൻ പ്രതിഫലേച്ഛയില്ലാതെ മറ്റുള്ളവരുടെ നന്മക്കായി പ്രവർത്തിച്ച് ആളുകൾക്കിടയിൽ ഒരു പാലമായി വർത്തിക്കുന്നു. സാഹചര്യങ്ങളാണ് നമ്മെ ഓരോന്നിലും കൊണ്ട് ചെന്നെത്തിക്കുന്നതെന്നും അവയോടുള്ള നമ്മുടെ മനോഭാവവും സമീപനവുമാണ് നമ്മെ വിജയത്തിലെത്തിക്കുന്നതെന്ന വലിയ സത്യവും നമ്മെ പഠിപ്പിക്കുന്നു.

യൂദാസ് യൂദാസ് മാത്രം എന്ന കഥയിൽ മനുഷ്യരിൽ ഈശ്വരനെ കാണാൻ ശ്രമിച്ച തോമസ്സ്കുട്ടിയേയും നമ്മൾ തന്നെയാണ് ഈശ്വരൻ നമ്മുടെ പ്രവൃ

ത്തികളാണ് എന്ന ചിന്ത നൽകിയെങ്കിലും ഒടുവിൽ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ എല്ലാവരിലും യൂദാസിനെ മാത്രമെ കാണുവാൻ തോമസ്കുട്ടിക്ക് സാധിക്കുന്നുള്ളൂ.

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥ ഒരു വെളുത്ത കുഞ്ഞുടുപ്പ് ആണ്. കുഞ്ഞാമിനയുടെ ബാല്യവിവാഹവും ഭർത്താവായ ബഷീറിന്റെ സ്നേഹ ത്തിനു വേണ്ടിയുള്ള കാത്തിരിപ്പും. കുഞ്ഞാമിനയ്ക്ക് വരുന്ന സ്വഭാവ പകർച്ചയും കടലിനു വരുന്ന ഭാവപ കർച്ചകൾ പോലെ സർവ്വതും മാറ്റത്തിനു വിധേയമാ ണെന്ന് ശ്രീ.കാച്ചപ്പിള്ളി പറഞ്ഞു തരുന്നു. നമ്മുടെ ജീവിതത്തിലും ചിലപ്പോൾ ഇതുപോലെ ശാന്തതയും ഉൽക്കണ്ഠയും ആകുലതകളുമൊക്കെ തിരമാലകൾ പോലെ വന്നു പൊയ്ക്കൊണ്ടിരിക്കുന്നു. ജീവിതം പ്രതീക്ഷകളുടെ ജീവിതമാണ്, ബഷീർ വരുമെന്ന പ്രതീക്ഷയിൽ കുഞ്ഞാമിന കടുംപിടുത്തം ഉപേക്ഷിച്ച് പള്ളിയുടെ സുരക്ഷയിലേക്ക് പോകുന്നു. ചിലപ്പോ ഴൊക്കെ ആലോചിച്ചു നിൽക്കാതെ വേഗം തീരുമാന മെടുത്ത് നമുക്കും മുന്നോട്ട് പോകാനുണ്ട്. ഏറ്റവും ഒടുവിൽ കുഞ്ഞുവാവയ്ക്ക് കുഞ്ഞുടുപ്പുമായി ബഷീർ തിരികെ വരുമ്പോൾ പ്രതീക്ഷകൾ തരളിതമാ കുന്നു.

ഈ കാലഘട്ടത്തിനു ചേരുന്ന ചിന്തകളാണ് എസ്.കാച്ചപ്പിള്ളി തന്റെ രചനകളിലൂടെ നമുക്ക് നൽകിയത്. ചെറുപുഞ്ചിരിയോടെയുള്ള അദ്ദേഹ ത്തിന്റെ കഥാഖ്യാനം വളരെ ആകർഷകമാണ്.

ഏതൊരാൾക്കും സൗകര്യപ്രദമായി വായിക്കുവാൻ കഴിയുന്ന വിധത്തിൽ പുസ്തകങ്ങൾ വെബ് സൈറ്റിലൂടെയും ഇതര സാമൂഹിക മാധ്യമങ്ങളിലൂടെയും തുറന്നു വച്ചിരിക്കുന്നു. ഉയർന്ന ചിന്തകളിൽ നിന്നുമാണ് മെച്ചപ്പെട്ട പ്രവർത്തനങ്ങളും ഉന്നത വിജയവും കൈവരുന്നതെന്ന ചിന്ത നമുക്ക് ഉൾക്കൊള്ളാം. സ്വപ്ന ലോകത്ത് മാത്രം ഒതുങ്ങാതെ ലോകസത്യങ്ങൾ മനസ്സിലാക്കി ഒഴുക്കിനൊപ്പം നീന്തിക്കൊണ്ട് കഴിവതും സത്യസന്ധരായി കുറച്ചുകൂടി നല്ല മനുഷ്യരായി ജീവിക്കാം. അതിന് സർവ്വേശ്വരൻ നമ്മെ അനുഗ്രഹിക്കട്ടെ.

# കാച്ചപ്പിള്ളിയുടെ തൂലിക

അൽഫിയ എം.എം., അശമന്നൂർ

ചുറ്റുമുള്ള ജീവിതങ്ങളെ അഥവ ഭാവനയിൽ വിരിഞ്ഞ കഥാപാത്രങ്ങളെ തൂലികത്തുമ്പിൽ കോർത്തിണക്കുമ്പോൾ പിറവികൊള്ളുന്നതാണ് ഓരോ കഥകളും. ഇവിടെ കഥാകാരന്റെ ജീവിതവും ഉൾച്ചേർക്കപ്പെട്ടേക്കാം. ഉചിത രൂപത്തിൽ കഥാസന്ദർഭങ്ങളെ ക്രോഡീകരണ വിധേയമാക്കുമ്പോൾ ഒരാൾ കഥാകാരനായി തീരുന്നു. എന്നാൽ എല്ലാ കഥകളും മികച്ചവ ആവണമെന്നില്ല. ഒരുപാട് രചനകൾ നിർവഹിച്ച ഒരു വ്യക്തി മികച്ച എഴുത്തുകാരനും ആയിത്തീരുന്നില്ല. കഥ വഴികളിൽ വായനക്കാരനെയും തന്നോടൊപ്പം നയിക്കാൻ കഴിയുന്നവനാണ് യഥാർത്ഥ കഥാകാരൻ.

“ആയിരം കഥകളുടെ രചയിതാവല്ല, എഴുതിയ ഒന്നിൽ വായനക്കാരനെ തളച്ചിടുന്നവനാണ് എഴുത്തുകാരൻ”.

കാളിദാസനെപ്പോലെ മഹാകാവ്യങ്ങൾ എഴുതാതെ എഴുത്തച്ഛനെപ്പോലെ പുരാണ കഥകൾക്ക് ജീവൻ പകരാതെ ഇവരെല്ലാം ജീവിച്ച ഭാഷ ലോകത്തിൽ തന്റേതായ ഇടം സൃഷ്ടിച്ച അല്ലെങ്കിൽ അതിനായി നിരന്തരം ശ്രമിച്ച അനേകം കഥാകാരന്മാർ നമുക്ക് ചുറ്റുമുണ്ട്. അവരിൽ ഒരാളാണ് എസ്.കാച്ചപ്പിള്ളി. എല്ലാവർക്കും സുപരിചിതരായ ഒരുപാട് എഴുത്തുകാർക്ക് മുന്നിൽ ഇദ്ദേഹം അപരിചിതനായിരിക്കാം. എന്നാൽ ഒരിക്കൽ കാച്ചപ്പിള്ളിയുടെ കഥകളെ രുചിച്ചറിഞ്ഞ വായനക്കാരന് ആ മാധുര്യം മറക്കാനാവുന്നതല്ല. ലളിതമായ ആഖ്യാനശൈലിയും സാധാരണ ജീവിത ചുറ്റുപാടും കേന്ദ്രബിന്ദുവായി വരുന്ന കാച്ചപ്പിള്ളിയുടെ കഥകൾക്ക് മിഴിവേറുന്നു. എസ്.കാച്ചപ്പിള്ളി എന്ന പേരിൽ കഥകളും ലേഖനങ്ങളും എഴുതുന്ന സബാസ്റ്റിൻ കാച്ചപ്പിള്ളി എന്ന എഴുത്തുകാരന്റെ ഓരോ രചനയും വായനക്കാരന്റെ ഉള്ളുപൊള്ളിക്കുന്നവയാണ്. മനുഷ്യ ബന്ധങ്ങളിലെ നേർത്ത നൂലിഴകൾ കഥകളിൽ വിഷയമായി മാറുന്നു. ബന്ധങ്ങൾക്കും അതിൽ ഇഴചേർന്ന നൂൽപടർപ്പുകൾക്കും പുതിയ മാനങ്ങൾ നൽകുകയാണ് കാച്ചപ്പിള്ളി. സമകാലിക ലോകത്തിന് അപരിചതമായി തീർന്ന മനുഷ്യ ബന്ധങ്ങളിലെ ഊരാക്കുടുക്കുകൾ ഇവിടെ കാണാം. ഒരുപാട് ചെറിയ മനുഷ്യരടങ്ങുന്ന ഒരു ലോകം സൃഷ്ടിക്കുകയാണ് അദ്ദേഹം ഇവിടെ. കൊച്ചു കൊച്ചു സ്വപ്നങ്ങളിൽ ജീവിതം തള്ളിനീക്കുന്ന അഥവ ഒഴുക്കിനൊത്തു തുഴയുന്ന ജീവിതങ്ങൾ ഇദ്ദേഹത്തിന്റെ കഥകളിൽ അണിനിരക്കുന്നു.

'ഒറ്റമുറിവീട്' എന്ന കഥയിൽ കേന്ദ്ര കഥാപാത്രമാകുന്ന ഉണ്ണി, ഈ സമൂഹത്തിൽ ഇന്നും നിലനിൽക്കുന്ന സാധാരണക്കാരന്റെ പ്രതീകമാണ്. താഴെക്കിടയിൽ നിന്ന് ഉയർന്നു വരുന്ന ഏതൊരു ചെറുപ്പക്കാരനും കാണുന്ന ഒരു 'ഒറ്റമുറിവീട്' ഉണ്ണിയും സ്വപ്നം കാണുന്നുവെങ്കിലും പ്രാരാബ്ധക്കെട്ടുകളിൽ പൊലിഞ്ഞു വീഴുന്ന ആ സ്വപ്നം വായനക്കാരനിലും വിങ്ങലായി അവശേഷിക്കുന്നു. ചുറ്റും നാം അറിയാതെ പോകുന്ന അല്ലെങ്കിൽ നാം കണ്ടു മറന്ന ഒട്ടനേകം പച്ചയായ ജീവിത യാഥാർത്ഥ്യങ്ങൾ കഥകളിൽ അരങ്ങേറുന്നത് ഇവിടെ കാണാനാകും.

ജീവിത നെട്ടോട്ടങ്ങൾക്കിടയിലും തന്റെ കുഞ്ഞിനുള്ള വെള്ളയുടുപ്പുമായി കുഞ്ഞാമിനയുടെ അടുക്കൽ ഓടിയെത്തുന്ന ബഷീറും രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന ഒരു അച്ഛന്റെ മുഖമാണ്. അവിടെയും അവശേഷിക്കുന്ന പ്രതീക്ഷയുടെ നാളങ്ങൾ ആ വെള്ള ഉടുപ്പിലൂടെ കാണാം. മീൻ വിൽപ്പനക്കാരനായി അവതരിപ്പിക്കപ്പെടുന്ന, തന്റെ ഗതി ആർക്കും വരുത്തരുത് എന്ന പ്രാർത്ഥനയോടെ എല്ലാവരെയും സഹായിക്കുന്ന അബൂക്കയും ഇന്നത്തെ സാഹചര്യങ്ങളിൽ കിട്ടാക്കനിയാണ്. സ്വന്തം ലാഭത്തിനായി പെറ്റമ്മയെപ്പോലും കാർന്നുതിന്നുന്ന തലമുറയിലേക്ക് വളർന്ന ഈ കാലഘട്ടത്തിൽ ഇത്തരം കഥാപാത്രങ്ങളെല്ലാം തന്നെ ഇന്നലെയുടെ അവശേഷിപ്പുകളാണ്.

രാഷ്ട്രീയപരമായ ഉറച്ച നിലപാടുകൾ പങ്കുവയ്ക്കുവാൻ പ്രചോദിതരായി മുന്നോട്ടു വരുന്ന യുവത

ലമുറയെ രാജ്യത്തിന് ആവശ്യമെങ്കിൽ കൂടിയും രാഷ്ട്രീയ സേവനങ്ങളിൽ മാത്രം മുഴുകുമ്പോൾ ഭാവി തകരാറിൽ ആകുന്ന ഒരു കൂട്ടം പേരും സമൂഹത്തിലുണ്ട്. ദിവാകരൻ എന്ന കാച്ചപ്പിള്ളിയുടെ കഥാപാത്രവും രാഷ്ട്രീയ താൽപ്പര്യങ്ങളിൽ കുടുംബകാര്യം പിന്തള്ളുന്ന ഒരു വിഭാഗത്തിന്റെ പ്രതീകമാണ്. ഇതിലൂടെ എല്ലാം വിവിധ സാമൂഹിക പ്രശ്നങ്ങളെ കൂടിയാണ് എഴുത്തുകാരൻ കൈകാര്യം ചെയ്യുന്നത്. ഉറഞ്ഞു തുള്ളുന്ന പ്രമാണിത്ത മനോഭാവത്തിലും ലഹരിയുടെ ആധിപത്യത്തിലും അടിമയാകുന്ന രാജശേഖരന്റെ ദുഷ്ചെയ്തികൾക്ക് ഇരയാകേണ്ടി വന്ന 'ലതിക' എന്ന കഥാപാത്രവും അവളുടെ കണ്ണുനീരും ശരീരത്തിൽ ഇഴഞ്ഞു നീങ്ങുന്നതായി അനുഭവപ്പെടുന്നവരാണ് 'സമുദായ സ്നേഹി'യെ വായിച്ച ഓരോ വായനക്കാരും. പുരുഷന്റെ കാമവെറിക്ക് അടിമയായി ഒരു കുഞ്ഞിന് ജന്മം നൽകേണ്ടി വരുന്ന 'ലതിക' എന്ന സ്ത്രീയെ നിസ്സഹായതയുടെ ആൾരൂപമായി ചിത്രീകരിക്കുമ്പോഴും ആൺ വർഗ്ഗത്തെ മുഴുവൻ കുരിശിലേറ്റാൻ എഴുത്തുകാരൻ അനുവദിക്കുന്നില്ല. കൈപ്പത്തി നഷ്ടപ്പെട്ട ആ പഴയ വാറ്റു കേന്ദ്രത്തിലെ കാവൽക്കാരനെ എങ്ങോ ഇനിയും അവശേഷിക്കുന്ന നന്മയുടെ തുടിപ്പായി നിലനിർത്തുന്നു.

കുടുംബത്തിന്റെ ആഗ്രഹം സഫലീകരിക്കാൻ കഴിയാതെ മദ്യത്തിന്റെ ലഹരിയിൽ അഭയം തേടുന്ന രാഘവൻ, കീറിയ വസ്ത്രങ്ങളണിഞ്ഞ് ആയിരം സ്വ

പ്നങ്ങൾ നെയ്യുന്ന സുമ, അടുക്കളയുടേയും മാതൃത്വ ത്തിന്റെയും ജോലിത്തിരക്കുകളുടെയും തീച്ചൂളയിൽ പരിഗണനകൾ ലഭിക്കപ്പെടാതെ ഉള്ളിൽ ആർത്തുകര യുന്ന അനു, സാങ്കേതിക വിദ്യയുടെ കടന്നുവരവ് അനുകൂലമായി സ്വാധീനിച്ച ഒട്ടേറെ പേർക്കിടയിൽ അവ പ്രതിബന്ധങ്ങൾ സൃഷ്ടിച്ച സേതുരാമൻ, വേന ലിൽ പൊറുതിമുട്ടി അലയുന്ന ശിവൻകുട്ടി എന്നീ കഥാപാത്രങ്ങൾ എല്ലാംതന്നെ നമുക്ക് ചുറ്റും ജീവിച്ചി രുന്നവരും ജീവിക്കുന്നവരും ആകാം. മനസ്സിന്റെ മറ യിൽ കെട്ടിപ്പൊക്കിയ ഓരോ സ്വപ്നങ്ങളും അവശേ ഷിപ്പിക്കുന്നവരാണ് ഇവർ ഓരോരുത്തരും.

ജീവിത യാഥാർത്ഥ്യങ്ങളുടെ തീച്ചൂളയിൽ മനുഷ്യൻ നിശ്ചലമായി തീരുമ്പോൾ ദൈവംപോലും പ്രതിക രിക്കാൻ മറന്നു പോകുന്നു. യാഥാർത്ഥ്യം മനുഷ്യന്റെ ചിട്ടു കൊട്ടാരങ്ങളെ തകർത്തെറിയുന്നു. കഥയെ ഒരു ഭ്രാന്തന്റെ കുറിപ്പുകൾ ആയോ ബുദ്ധിജീവിയുടെ ജൽപ്പനങ്ങൾ ആയോ വ്യാഖ്യാനിക്കപ്പെടാം. കാരണം അത് സ്വീകരിക്കുന്നത് ഓരോരുത്തരുടെയും മനോനി ലക്കനുസൃതമായാണ്. യാഥാർത്ഥ്യത്തെ തൊട്ടറിഞ്ഞ വന് അതിനെ ഉൾക്കൊള്ളുക എന്നത് സാധ്യമായ പ്രവൃത്തിയാണ്. എന്നാൽ ഫാന്റസിയുടെ ലോകത്ത് നിലകൊള്ളുന്ന ഒരു വ്യക്തി അതിനെ എത്രമാത്രം സ്വീകാര്യതയോടെ ഉൾക്കൊള്ളണം എന്നത് സംശയ മാണ്. ഈ രണ്ട് വിഭാഗത്തെയും ചേർത്തുനിർത്തി ക്കൊണ്ട് തന്റെ കഥയെ മുന്നോട്ട് നയിക്കാൻ ഒരു എഴുത്തുകാരന് കഴിഞ്ഞാൽ അവൻ തന്റെ പ്രവർത്ത നത്തിൽ വിജയം കൈവരിച്ചു എന്നർത്ഥം.

‘ഏതു നിമിഷവും ചാടി വീഴാൻ
ഓരോ തുള്ളി മഷിയിലുമുണ്ട്
ഒരുകൂട്ടം വേട്ടക്കാർ.
ഠപനയിൽ നിന്നുതിർന്ന
മാനിനെ വളയാൻ
തോക്കുചൂണ്ടാൻ തയ്യാറായി’

എന്ന വിസ്വാവ സിംബോഴ്സകയുടെ വരികളെ ഇവിടെ സ്മരിച്ചു പോകുന്നു. എത്ര മനോഹരമായാണ് ബിന്ദുകൃഷ്ണൻ ഇതിന്റെ വിവർത്തനം നിർവ്വഹിച്ചിരിക്കുന്നത്. സാമ്രാജത്വ പ്രഭുക്കന്മാരെ പരിഹസിച്ച് കൊണ്ട് തൂലിയ ചലിപ്പിക്കുമ്പോൾ, പുരുഷാധികാരത്തെ വലിച്ചിഴക്കുമ്പോൾ, പെൺ മനോഭാവത്തെ ക്രൂശിക്കുമ്പോൾ എല്ലാം തന്നെ ഓരോ രചയിതാവും ഭയപ്പെടണം. അവരെ വലിച്ചു കീറാൻ പമ്മിയിരിക്കുന്നുണ്ട് ഒരു കൂട്ടം കഴുകന്മാർ. എന്നാൽ ഇത്തരത്തിലുള്ള തുറന്നു പറച്ചിലിന്റെ ഇടങ്ങളെ വായനക്കാരൻ വരവേൽക്കേണ്ടതുണ്ട്. കാച്ചപ്പിള്ളിയുടെ ഓരോ കഥകളും സാധാരണക്കാരന്റെ മായം ചേർക്കാത്ത തുറന്നു പറച്ചിലുകളാണ്.

ദിലീപിന്റെ ‘അഭിസാരിക’യിലെ നായികയെയും ഗന്ധർവനിലെ ശശാങ്കനേയുമെല്ലാം കഥകളിൽ കടമെടുക്കുമ്പോൾ അവിടം നടക്കുന്നതൊരു ഓർമ്മ പുതുക്കലാണ്. മനസ്സിന്റെ കോണിൽ തറഞ്ഞാപോയ കുറെയേറെ കഥാപാത്രങ്ങളെ പുനൽജനിപ്പിച്ചുകൊണ്ടൊരു ഓർമ്മ പുതുക്കൽ.

വായിക്കുന്നതിനൊപ്പം വായനക്കാരെയും തിങ്ങി നിറഞ്ഞ ഒരു അംബാസിഡർ യാത്രയ്ക്ക് കൊണ്ടുപോകാൻ എഴുത്തുകാരന് കഴിയുന്നു. സ്വപ്നങ്ങളുടെ നിരയിൽ ഉയർന്ന സ്ഥാനം അലങ്കരിക്കുന്ന 'സ്വന്തം കാറിൽ ഒരു യാത്ര' എന്ന സ്വപ്നം പൂവണിഞ്ഞ ഒരു സാധാരണക്കാരന്റെ സന്തോഷം നേരിൽ കാണുന്ന പ്രതീതി വായനയിലൂടെ അനുഭവപ്പെടുന്നുണ്ട്. ഭൂമി വിൽപ്പനയുടെ നൂലാമാലകൾക്കിടയിൽ ഉഴറി ഒരു ബ്രോക്കർ ആയി മാറിയ സന്ദർഭം 'ബ്രോക്കർ കുമാരൻ' പറഞ്ഞു വയ്ക്കുന്നു. സ്വന്ത ബന്ധങ്ങളിലെ അസ്വാരസ്യങ്ങളും കെട്ടുപൊട്ടിക്കപ്പെട്ട ജീവിതങ്ങളും കാച്ചപ്പിള്ളിയുടെ കഥകളിലെ നിരന്തര വിഷയമായി തീരുന്നു.

"സുധിയുടെ അഭിരുചികൾ വ്യത്യസ്തങ്ങളായിരുന്നു. എനിക്കാകട്ടെ ക്രിക്കറ്റിനെപ്പറ്റി സംസാരിക്കുന്നത് പോലും ഇഷ്ടമായിരുന്നില്ല. സുധിയാകട്ടെ ക്രിക്കറ്റിനെപ്പറ്റി വാതോരാതെ സംസാരിക്കാൻ ശ്രമിക്കും".

വ്യത്യസ്തമായ ഇഷ്ടാനിഷ്ടങ്ങളെ പ്രണയം എന്ന ഒറ്റ കുടക്കീഴിൽ ഒത്തുചേരുന്ന പ്രണയിതാക്കളെ എത്ര മനോഹരമായാണ് കാച്ചപ്പിള്ളി അവതരിപ്പിക്കുന്നത്.

പ്ലാസ്റ്റിക് കൂടകൾക്കിടയിലെ പാവ, വിനിമയ നിരക്കുകളുടെ ലോകം തുടങ്ങി പതിമൂന്ന് ചെറുകഥകൾ ഉൾക്കൊള്ളുന്നതാണ് 'ഒരു ബുദ്ധിജീവിയും കുറെ

അനുയായികളും’ എന്ന സമാഹാരം. ഓരോന്ന് വായിച്ച് അ;വസാനിപ്പിക്കുമ്പോഴും അടുത്തതെന്ത് എന്നറിയാനുള്ള ആകാംക്ഷ മൂർച്ഛിക്കുന്നു എന്ന താണ് ഈ കഥകളുടെയെല്ലാം പ്രത്യേകത. ലളിത മായ ശൈലിയാലും, കഥനരീതിയാലും, കൃത്യമായ ക്യാരക്ടറൈസേഷനാലും, ശുദ്ധമായ ഭാഷയാലും വായനക്കാരനെ ആകർഷിപ്പിക്കാൻ കാച്ചപ്പിള്ളി എന്ന എഴുത്തുകാരന് യഥായോഗ്യം സാധിക്കുന്നുണ്ട്.

മരണം ഒരാളെ എത്രത്തോളം നിസ്സഹായനാക്കി തീർക്കുന്നു എന്ന ഓർമ്മപ്പെടുത്തലാണ് ജോർജ്ജ്കു ട്ടിയുടേത്. മരണാനന്തരം റീത്തുകൾ വയ്ക്കുന്നതും, ക്യാമറകൾ മിന്നി മറയുന്നതും, മക്കളും പേരക്കുട്ടി കളും നിൽക്കുന്നതും, അറിയാതെ ഉറങ്ങിക്കിടക്കുന്ന മരണപ്പെട്ടവന്റെ വേദന വരികളിലൂടെ വായനക്കാര നിൽ ആഴന്നിറങ്ങുകയാണിവിടെ. പ്രതീക്ഷ നഷ്ടമാ യവന്റെ നോവും, സർക്കാർ നിയമനങ്ങളുടെ അനാ സ്ഥയും ചൂണ്ടിക്കാണിക്കപ്പെടുന്ന കഥകളും ഇക്കൂട്ട ത്തിലുണ്ട്.

“രാജാവിന്റെ മരണാനന്തരമാണ് പിന്നീട് പഴയ ഹെലിക്കോപ്റ്ററിനോടുള്ള എന്റെ ആഗ്രഹം മുള പൊട്ടി പുറത്തുവന്നത്. ഞാനക്കാര്യം മറച്ചുവച്ചില്ല. ഏറ്റവും മുന്തിയ വിലയും ഹെലിക്കോപ്റ്റർ മെയ്ന്റ നൻസ് ചെയ്യുന്നതിലുള്ള വൈഷമ്യങ്ങളുമൊക്കെ പറഞ്ഞ് ബോധ്യപ്പെടുത്തി ഞാനത് സ്വന്തമാക്കുകയാ യിരുന്നു. വല്ലപ്പോഴുമൊക്കെ നാട്ടിലേക്ക് വരുമ്പോൾ മട്ടുപ്പാവിലിരുന്ന് ഹെലിക്കോപ്റ്ററിനെ നോക്കി കാണു

മ്പോൾ എന്തെന്നില്ലാതെ എന്റെ പാരവശ്യത്തിന് ഒരു ശമനം കിട്ടുമായിരുന്നു". - എന്ന കാച്ചപ്പിള്ളിയുടെ വരികൾ നമ്മെ ചിന്തിപ്പിക്കുന്നു. ചിന്തയിൽ നിന്ന് വായനക്കാരൻ ആശ്വാസം കണ്ടെത്തുന്നു, ഒരു പുഞ്ചിരിയിൽ അതവസാനിക്കുന്നു.

കേശവന്റെ കഥ എന്റെ വിധിയും എന്ന സമാഹാരത്തിലും മനുഷ്യ മനസിനോട് ചേർന്നു നിൽക്കുന്ന ധാരാളം അവതരണങ്ങൾ കാച്ചപ്പിള്ളി നടത്തുന്നുണ്ട്.

"ഇങ്ങനെയൊരു ലോകമോ?
ഞാൻ പൂർണ്ണമായും വിധിയെ ഭരിക്കുന്ന ലോകം?
കാലത്തെ ഞാൻ ചങ്ങലക്കിടുന്ന ലോകം?
ഞാൻ കൽപ്പിച്ചാൽ അനന്തതയിലേക്ക് നീളുന്ന ജീവിതം? രചനയുടെ ആനന്ദം?
കാത്തുവയ്പിന്റെ ശക്തി!
നശ്വരമായ ഒരു കരത്തിന്റെ പ്രതികാരം!

എത്ര മനോഹരമായാണ് എഴുത്തിന്റെ മായാജാലത്തെ സിംബോഴ്സ്ക വർണ്ണിച്ചത്. അത്രമേൽ മനോഹരമായി എഴുത്ത് എന്ന വിദ്യയെ കൈകാര്യം ചെയ്യാൻ ഒരു യഥാർത്ഥ രചയിതാവിനല്ലാതെ ആർക്കാണ് കഴിയുക? ജീവിതാനുഭവങ്ങളുടെ കെട്ടുപാടുകളിൽ അവർ സൃഷ്ടിക്കുന്ന ലോകത്ത് പുതിയ പച്ചപ്പടർപ്പുകൾ കിളിർക്കുന്നു, അവ മനോഹരമായി നൃത്തം ചെയ്യുന്നു. കാച്ചപ്പിള്ളിയുടെ കഥാവഴികളിലും സ്വതന്ത്രമായി നൃത്തം ചെയ്യുന്ന ഒരു കൂട്ടം കഥാപാത്രങ്ങളെ കാണാം. കെട്ടുപൊട്ടിച്ചു പറക്കുന്ന

അവരുടെ ചിന്തകൾ എഴുത്തുകാരന്റേതാകാം. സമൂഹം കൂട്ടിപ്പിണച്ച കെട്ടുപാടുകളിൽ നിന്ന് വഴുതി യോടുന്ന ഇത്തരം കഥാപാത്രങ്ങൾ വായിക്കുന്നവനെ പോലും ചിന്തയുടെ ആഴങ്ങളിൽ പതിപ്പിക്കുന്നു.

താൻ ജീവിക്കുന്നതാണ് ലോകത്തിന്റെ കേന്ദ്ര സ്ഥാനം എന്ന് ചിന്തിച്ചുകൊണ്ട് പ്രവർത്തിക്കാൻ ശ്രമി ക്കാത്തവരും പ്രവർത്തിക്കുന്നവരെ അടിച്ചമർത്തുന്ന വരും ആണ് നമ്മുടെ സമൂഹം. സ്ത്രീ ഉന്നം വക്കുന്ന പുരോഗമന കാഴ്ചപ്പാടുകളെ ചവിട്ടി മെതിച്ചുകൊണ്ട് തങ്ങൾക്ക് മുകളിൽ ഒന്നുമില്ല എന്നു പറയുന്ന പുരുഷ മേധാവിത്വവും, സ്ത്രീ അഹങ്കാരവും ഒരു പോലെ പരിഹസിക്കാനും കൈകാര്യം ചെയ്യാനും എഴുത്തുകാരന് കഴിയുന്നു എന്നത് മികച്ച പ്രവണത യാണ്. സമൂഹത്തെ പുരോഗമന പാതയിലേക്ക് നയി ക്കാൻ ഇത്തരം എഴുത്തുകാർക്കും തീവ്രമായ വായ നക്കും മാത്രമാണ് സാധിക്കുക.

## എസ്.കാച്ചപ്പിള്ളിയുടെ കഥകൾ:

ടി.പിജെ. അല്ലപ്ര, 9947853408.

എസ്.കാച്ചപ്പിള്ളിയുടെ കഥകൾ എന്ന വിഷയത്തിലൂടെ സഞ്ചരിക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത് അദ്ദേഹത്തിന്റെ കഥകളെല്ലാം തന്നെ സാമൂഹ്യ പ്രതിബദ്ധത പുലർത്തുന്നവയാണ് എന്നതാണ്. ഏതൊരു കലാകാരന്റെയും സാഹിത്യകാരന്റെയും ധർമ്മമാണത്. സമൂഹത്തിൽ നടക്കുന്ന സംഭവ വികാസങ്ങളുടെ നേർക്ക് സദാ കണ്ണും കാതും തുറന്നിരിയ്ക്കുന്ന നിരീക്ഷകന്റെ അനുഭവ സാക്ഷ്യങ്ങളായി വേണം ഈ കഥകളെ വിലയിരുത്താൻ. സാഹിത്യകാരന്മാർ ദന്തഗോപുര വാസികളാണെന്ന മിഥ്യാ ധാരണയെ തകിടം മറിച്ച സർഗധനനാണദ്ദേഹം. കണ്ണീരുപ്പ് ചേർത്ത് കഞ്ഞി കുടിയ്ക്കുന്നവരുടെയും പാർശ്വവൽക്കരിയ്ക്കപ്പെട്ടവരുടെയും ബഹിഷ്കൃതരുടെയും പക്ഷത്താണദ്ദേഹം നിലയുറപ്പിച്ചത്.

കടിച്ചാൽ പൊട്ടാത്ത പദപ്രയോഗങ്ങളുടെ ഘോഷയാത്രയൊ അതിഭാവുകത്വത്തിന്റെ മേമ്പൊടിയോ, ആലങ്കാരികതയുടെ ആടയാഭരണങ്ങളോ തൊട്ടുതീണ്ടാത്ത ശുദ്ധവും സഭ്യവും അച്ചടക്കവും (വാക്കുകളുടെ മിതത്വം) ഉള്ള ഒന്നാന്തരം കഥകളാണവ. വളച്ചു

കെട്ടില്ലാത്ത രചനാ ശൈലിയാണദ്ദേഹം സ്വീകരിച്ചിരിയ്ക്കുന്നത്.

എന്തുകൊണ്ടും സാഹിത്യ നഭോമണ്ഡലത്തിന്റെ മുൻനിരയിൽ സ്ഥാനമുറപ്പിയ്ക്കാൻ യോഗ്യതയുള്ള, മൂല്ല്യങ്ങളുടെ പൊലിമ മുഖശോഭ ചാർത്തുന്ന കാച്ചപ്പിള്ളി കഥകളുടെ അവലോകനമാകാം ഇനി:

1. "<u>ഒറ്റമുറിവീട്</u>":

അലക്കിത്തേച്ച വാക്കുകൾ കൊണ്ട് അടുക്കിയടുക്കി പണിതുയർത്തിയിരിയ്ക്കുന്ന മനോഹരമായ കഥാശില്പം. കുടുംബ പ്രാരാബ്ധങ്ങളാകുന്ന കടമ്പകൾ ജീവിത വഴിയിൽ മാർഗതടസം സൃഷ്ടിച്ചിട്ടും ബന്ധങ്ങളുടെ കെട്ടുപാടുകൾ കുരുക്കായി പരിണമിച്ചിട്ടും പണ്ടെന്നോ മനസിന്റെ ആഴങ്ങളിൽ വേരുറപ്പിച്ച സ്വപ്നത്തിന്റെ സാക്ഷാൽക്കാരത്തിനായി കഠിന യത്നം നടത്തുന്ന ഏകാകിയെ ഉണ്ണിയെന്ന കഥാപാത്രത്തിലൂടെ വരച്ചു കാണിച്ച കഥാകൃത്തിനെ അഭിനന്ദിയ്ക്കാതിരിയ്ക്കാൻ വയ്യ. ഉറച്ചൊരു മനസുണ്ടെങ്കിൽ ഏതുതരം പ്രതിബന്ധങ്ങളും ലക്ഷ്യബോധത്തെ തകർത്തു കളയാൻ പര്യാപ്തമല്ലെന്ന ശുഭാപ്തി വിശ്വാസത്തിന്റേതായ സന്ദേശത്തെ ഈ കഥ വിളംബരം ചെയ്യുന്നുണ്ട്.

2. "<u>ഒരു ബുദ്ധിജീവിയും കുറെ അനുയായികളും</u>":

ജനങ്ങളെ തങ്ങളുടെ വാക്ചാതുരി കൊണ്ട് ആഹ്ലാദത്തിമിർപ്പിലാറാടിയ്ക്കാനും അതുവഴി അവ

രുടെ കണ്ണിലുണ്ണിയാകാനും പേരും പ്രശസ്തിയും നേടാനുമായി എന്തും വിളിച്ചു പറയുന്ന, എന്തിനെയും ദുർവ്യാഖ്യാനം ചെയ്യുന്ന രാഷ്ട്രീയക്കാരുടെയും, ബുദ്ധിജീവികളെന്ന് സ്വയം അവകാശപ്പെടുന്ന പ്രഭാഷകരുടെയും, പ്രതിനിധിയെയാണ് ഈ കഥയിലെ കൃഷ്ണനുണ്ണിയിൽ നമുക്ക് കാണാൻ കഴിയുന്നത്. തങ്ങളുടെ തെറ്റായ വാക്കുകൾ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ എത്രമാത്രം ഗുരുതരമായിരുന്നു എന്നറിഞ്ഞിട്ടെങ്കിലും തെറ്റ് തിരുത്താനും മാപ്പ് പറയാനും ആരും, പ്രത്യേകിച്ച് പൊതുപ്രവർത്തകരും, ബാദ്ധ്യസ്ഥരാണെന്ന വലിയ പാഠം പകർന്നു തന്ന നല്ല കഥ. മുഖ്യമായും വെറും രണ്ടേ രണ്ട് കഥാപാത്രങ്ങളിലൂടെ എങ്ങിനെ ഒരു നല്ല കഥ രൂപപ്പെടുത്താം എന്നതിന് മികച്ച ഉദാഹരണമാണ് ഈ സർഗസൃഷ്ടി.

3. "<u>ഞാൻ അത്തരക്കാരനല്ല</u>":

നല്ല നീതിബോധവും ധർമ്മബോധവും ഉള്ള ഒരാളെ എങ്ങിനെ ചീത്തയാക്കാം എന്നതിന് ഉത്തമ ഉദാഹരണമാണ് ഈ കഥ. ഗവൺമെന്റ് സ്ഥാപനങ്ങളിൽ നടക്കുന്ന നല്ല പ്രവർത്തനങ്ങളെ തകിടം മറിയ്ക്കാൻ ഗൂഢമായി സമാന്തര പ്രവർത്തനം നടത്തുന്ന മാഫിയ സംഘം എത്ര ശക്തമാണെന്നതിന് ഗുമസ്ഥൻ നാരായണൻകുട്ടി നേരിടേണ്ടി വന്ന തിക്താനുഭവങ്ങൾ തന്നെ ധാരാളം. ഒരു പക്ഷെ ജീവനു തന്നെ ഭീഷണിയായേക്കാവുന്ന സന്നിഗ്ധാവസ്ഥയിൽ സ്വയം അടിയറവു പറയേണ്ടി വന്ന ഒരു നിസ്സഹായന്റെ കഥ മുഖ്യമായും ഒറ്റയാൾ കഥാപാത്രത്തിലൂടെ എത്ര മനോഹര

മായിട്ടാണ് അദ്ദേഹം അവതരിപ്പിച്ചിട്ടുള്ളത്. ചുരുക്കം പണിയായുധങ്ങൾ കൊണ്ട് ഉരുക്കളെ മേന്മയോടെ ഒരുക്കിയെടുക്കുന്ന ശ്രേഷ്ഠനായ കാർമ്മികനാണ് ഈ കഥാകൃത്ത്.

4. "കമ്പ്യൂട്ടർ":

കാലത്തിനൊത്ത് കോലം കെട്ടണം എന്ന പഴമൊഴിയെ സാർത്ഥകമാക്കുന്ന കഥ. പഴമയെ മാറോടു ചേർത്ത് താലോലിയ്ക്കുന്ന മുൻ തലമുറയ്ക്ക് ഈ സിദ്ധാന്തം ഒരുപക്ഷെ അത്ര രുചിച്ചെന്നു വരില്ല. എന്നാൽ കാലം നമ്മോട് ആവശ്യപ്പെടുന്ന വിധം രൂപാന്തരപ്പെട്ടില്ലെങ്കിൽ നാം സമൂഹത്തിൽ നിന്നുതന്നെ പുറന്തള്ളപ്പെടും. ജീവിതം ആകെ വഴി മുട്ടും. ഏതു കാലത്തേയ്ക്കും പ്രസക്തമായ ഒരു വിഷയത്തെ ചുരുക്കം കഥാപാത്രങ്ങളിലൂടെ വായനക്കാരുടെ വിശദമായ ചിന്തയ്ക്കായി സമർപ്പിച്ചിരിയ്ക്കുന്നു കഥാകൃത്ത്.

5. "മകളെ നീയെന്നെ തോൽപ്പിച്ചു":

'കൊടുത്താൽ കൊല്ലത്തും കിട്ടും', 'മത്ത നട്ടാൽ കുമ്പളം കായ്ക്കില്ല' എന്നീ പഴമൊഴികളെ അന്വർത്ഥമാക്കിയ കഥ. 'പഴഞ്ചൊല്ലിൽ പതിരില്ല' എന്നുകൂടി തെളിവായ്ക്കുന്നതാണ് ഈ കഥ. മാതാപിതാക്കളെ മാതൃകയാക്കുന്നവരാണ് മക്കൾ. അവരാണ് ആദ്യ ഗുരുക്കന്മാർ. അവരെ കണ്ടും കേട്ടുമാണ് മക്കൾ വളരുന്നത്. മോശമായി ജീവിയ്ക്കുന്ന, മോശമായി പെരുമാറുന്ന ആരുടെയും കണ്ണ് തുറപ്പിയ്ക്കുന്ന,

വീണ്ടു വിചാരത്തിന് പ്രേരിപ്പിയ്ക്കുന്ന നല്ല സന്ദേശ മുൾക്കൊള്ളുന്ന കഥ.

6. “ഒരു സെൽഫ് ഫിനാൻസിങ് പഠന ത്തിന്റെ കഥ”:

‘പ്യൂണായി ജോലിയിൽ പ്രവേശിച്ച കൂട്ടുകാ രിയെ കണ്ടപ്പോൾ ശ്യാമള കസേരയിൽ ഉറച്ചിരുന്നു’ എന്നതിൽ നിന്ന് സൗഹൃദങ്ങൾക്കോ ബന്ധങ്ങൾക്കോ ഔദ്യോഗിക ജീവിതത്തിൽ സ്ഥാനമില്ലെന്നും മേലാ ളൻ എന്നും മേലാളനും കീഴാളൻ എന്നും കീഴാളനും ആണെന്നും എത്രയൊക്കെ പുരോഗമനം പറഞ്ഞാലും ഭൂരിഭാഗം ആളുകളുടെയും ഉള്ളിന്റെയുള്ളിൽ അഹം (ഞാൻ) എന്ന ഗർവ്വിഷ്ഠ ഭാവം രൂഢമൂലമായി കിട പ്പുണ്ടെന്ന നഗ്നസത്യത്തെ അനാവരണം ചെയ്യുന്ന കഥ. ഒരു വിധത്തിലും അംഗീകരിയ്ക്കാത്ത അഹന്തയെ പിഴുതെറിഞ്ഞ് ഏവരോടും സമഭാവനയോടെ പെരുമാ റണമെന്ന് പറയാതെ പറയുന്ന ശ്രേഷ്ഠത മുറ്റിയ കഥ.

7. “നീണാൻ വഴാനായിട്ടൊരു പ്രസിഡന്റ്”:

രാഷ്ട്രീയക്കാരുടെ ആഹ്വാനങ്ങളെ വസ്തുതാപ രമായി പരിശോധിയ്ക്കാതെ അതേപടി വിഴുങ്ങിയാൽ അന്ധനാൽ നയിക്കപ്പെടുന്ന യാത്രപോലെ അപകടക രമായ അവസ്ഥയിൽ (അതുമല്ലെങ്കിൽ മരുപ്പച്ച തേടി പ്പോകുന്ന പഥികരുടെ അവസ്ഥയിൽ) ആകും നാം എത്തിപ്പെടുക. കടുത്ത അനുയായികൾക്കുള്ള മുന്ന റിയിപ്പാണ് ഈ കഥ.

8. “<u>ഞാൻ മദാലസ</u>”:

പഞ്ചാര വാക്കുകളിലും അംഗചേഷ്ഠകളിലും മയങ്ങി ജീവിതം തുലച്ച അനേകം നിർഭാഗ്യവതികളിൽ ഒരുവളായിത്തീർന്ന ഈ കഥയിലെ നായിക നൽകുന്ന മുന്നറിയിപ്പും സന്ദേശവുമാണ് ഈ കഥയുടെ കാതൽ. കാമുകവേഷം കെട്ടി മുന്നിൽ പ്രത്യക്ഷപ്പെടുന്ന യുവകോമളന്മാർ ആരെന്നൊ എത്തരക്കാരെന്നൊ തിരക്കാതെ അവരോടൊപ്പം, ജന്മം നൽകിയ മാതാപിതാക്കളെയും വീടിനെയും നാടിനെയും ഉപേക്ഷിച്ച്, യാത്ര പുറപ്പെടാൻ കച്ചകെട്ടി ഒരുങ്ങിയിരിയ്ക്കുന്ന തരുണീമണികൾക്കുള്ള താക്കീത്.

ബൈബിളിലെ ഒരു വാക്യം ഇവിടെ പ്രസക്തമാകും എന്നതിനാൽ ഞാൻ ഉദ്ധരിക്കുന്നു:

“കണ്ണുള്ളവർ കാണട്ടെ .. ..!”

“ചെവിയുള്ളവർ കേൾക്കട്ടെ .. ..!”

ഉത്തമ ശ്രേണിയിൽപ്പെട്ട കഥ തന്നെയാണിതും.

9. “<u>പ്രമോഷൻ സാധ്യതകൾക്കിടയിലെ കാര്യക്ഷമത</u>”:

ചില പ്രത്യേക പരിഗണനകളുടെ ബലത്തിൽ അനർഹമായി ലഭിച്ച ഔദ്യോഗിക പദവിയിൽ വിലസുന്ന അനേകരുടെ പ്രതിനിധിയെ രമേശനിലൂടെ നമുക്ക് മുന്നിലെത്തിയ്ക്കുന്നതിൽ കഥാകൃത്ത് കാണിയ്ക്കുന്ന ശുഷ്ക്കാന്തി (ഒരു കഥയെഴുത്തിന്റെ മുന്നൊ

രുക്കങ്ങളിൽ കാണിയ്ക്കുന്ന സൂക്ഷമതയോടെയുള്ള വ്യാപനം) എത്രമാത്രമാണെന്ന് ഈ കഥ വായിച്ചാൽ മനസിലാകും. അതോടൊപ്പം അനുഭവങ്ങളുടെ ചൂടും ചൂരും (ഇതിലെ എല്ലാ കഥകൾക്കും) എരിവ് പകർന്നി ട്ടുണ്ട് എന്ന് ഞാൻ മനസിലാക്കുന്നു.

10. "ഒരു സംഘടനാ നേതാവിന്റെ വലിപ്പം":

തൊഴിലാളികളുടെ സംരക്ഷകനായി അവതരി യ്ക്കുകയും രഹസ്യമായി മുതലാളിമാർക്ക് ഒത്താശ ചെയ്യുകയും ചെയ്യുന്ന ഇരട്ട മുഖങ്ങളുള്ള നേതാ വിനെ എത്ര തന്മയത്വമായിട്ടാണ് ഇതിൽ ചിത്രീകരിച്ചി രിയ്ക്കുന്നത്. നമുക്ക് പരിചയമുള്ള ഇത്തരക്കാർ സ്വന്തം ഉയർച്ചയ്ക്കുവേണ്ടി എന്ത് കുത്സിത മാർഗവും സ്വീകരിയ്ക്കും എന്നതിന് കുസുമത്തെ കൂട്ടുപിടിച്ച സംഭവം ഉത്തമോദാഹരണമാണ്. ഇത്തരക്കാരെ എന്ത് ചെയ്യണമെന്നുള്ള കാര്യവും വായനക്കാർക്ക് വിട്ടു തന്നിരിയ്ക്കുകയാണ്.

11. "പ്ലാസ്റ്റിക് കൂടകൾക്കിടയിലെ പാവ":

കടക്കാരനെ പാവയായി ചിത്രീകരിച്ചതിൽ നിന്ന് ഇത്തരം ദുഷ്ഠന്മാരുടെ കയ്യിലകപ്പെടുന്നവരുടെ നിസ്സ ഹായതയെയാണ് അദ്ദേഹം സൂചിപ്പിയ്ക്കുന്നത്. പാവ പ്രയോഗം നല്ല ഭാവന തന്നെ.

12. "തീർച്ചയായും വരണം, അടുത്ത യാൾക്ക് കുളമാക്കാൻ":

നല്ലവനായ ഒരുദ്യോഗസ്ഥൻ എത്ര സൽപ്രവൃ ത്തികൾക്ക് മുതിർന്നാലും ദുഷ്പ്രവൃത്തിക്കാരായ മറ്റു ദ്യോഗസ്ഥന്മാർക്ക് മുമ്പിൽ അതെല്ലാം വെള്ളത്തിൽ

വരച്ച രേഖപോലെ നിഷ്ഫലമായിപ്പോകും എന്നതിന് ഈ കഥ സാക്ഷ്യം വഹിയ്ക്കുന്നു. തെളിവുകൾ ധാരാളം. എത്ര മറച്ചു വച്ചാലും സത്യം ഒരുനാൾ പുറത്തുവരും എന്ന് പറയുമ്പോലെ 'നന്മ ഇന്നല്ലെങ്കിൽ നാളെ അംഗീകരിയ്ക്കപ്പെടും' എന്നത് തർക്കമില്ലാത്ത കാര്യമാണ്. സ്ക്കോളർഷിപ്പിനപേക്ഷിച്ച വിദ്യാർത്ഥിയുടെ സത്യവാങ്മൂലത്തിലൂടെ അത് വെളിവാകുന്നു. വെളിച്ചത്തിന്റെ (നന്മയുടെ പ്രതീകമാണ് വെളിച്ചം) ഒരു തരിയാണെങ്കിലും അത് പൊലിമയോടെ പ്രകാശിയ്ക്കും എന്ന സന്ദേശം ഈ കഥ വിളംബരം ചെയ്യുന്നുണ്ട്.

13. "യൂദാസ് യൂദാസ് മാത്രം":

'നിന്നിൽ ഞാൻ ഈശ്വരനെ കാണുന്നു' എന്നു പറഞ്ഞ തോമസുകുട്ടി അതേ നാവുകൊണ്ട് 'യൂദാസ് യൂദാസ് മാത്രം' എന്ന് തിരുത്തിപ്പറഞ്ഞത് സമൂഹത്തിൽ നടമാടുന്ന തിന്മകളേയും ദുഷ്പ്രവർത്തിക്കാരെയും കണ്ടിട്ടായിരിയ്ക്കണം. യൂദാസ് യൂദാസ് മാത്രം എന്ന ഒറ്റ വാചകത്തിലൂടെ സമൂഹത്തിലെ ജീർണ്ണാവസ്ഥകളെ ഭംഗ്യന്തരേണ സൂചിപ്പിച്ച കഥാകൃത്ത് 'നാടകാന്തം കവിത്വം' എന്ന പ്രമാണത്തെ സാർത്ഥകമാക്കി തന്റെ പ്രതിഭയുടെ മാറ്റ് വെളിവാക്കുകയാണിവിടെ.

## എസ്.കാച്ചപ്പിള്ളിയുടെ സർഗ്ഗാത്മകത:

ഡോ.എൻ.പി.വിജയൻ, കാസർഗോഡ്
9447551325

ജനിമൃതികൾക്കിടയിലെ അനുഭവാഖ്യാനമാണ് ഓരോ സാഹിത്യ സൃഷ്ടിയും. മുള്ളുകൾക്കിടയിലെ പനിനീർ സുമങ്ങളാണവ. ചിലപ്പോൾ ദാന്തെ ദി ഡിവൈൻ കോമഡിയിൽ വിശേഷിപ്പിച്ചതുപോലെ കഥാകാരന്റെ അധോലോകം. നമ്മുടെയെല്ലാം മന സിൽ ഭാവനയുടെ ഒരു അധോലോകമുണ്ട്. ആഭിജാ ത്യത്തിന്റെയും മാന്യതയുടെയും പേരിൽ എല്ലാവരും അത് സർഗ്ഗാത്മകമായും ജീവിതത്തിലും ആവിഷ്ക്കരി ച്ചെന്നു വരില്ല. കാച്ചപ്പിള്ളി തഥാഗതമായി അവ കഥ കയാക്കി മാറ്റി. തന്റെ അനുഭവ സാക്ഷാത്ക്കാരം. അതിന്റെ രജത ജൂബിലി പിന്നിട്ട വേളയിൽ അതിലെ ലാവണ്യമാർന്ന പ്രണയവഴികളുടെ വസന്ത ഭൂവിൽ നമ്മെകൂടി സ്വാഗതം ചെയ്തിരിക്കുന്നു. അവിടെ പാർശ്വവൽകൃതരുടെ കണ്ണീരിന്റെ ലവണരസമുണ്ട്. നിന്ദിതരും പീഡിതരും നിസ്വരും നിസ്സഹായരുമുണ്ട്. നിശബ്ദതയുടെ അഗാധതയിൽ സത്യം ധ്വനിപ്പിക്കുന്ന സ്വര ബിന്ദുക്കളുടെ ശീൽക്കാരമുണ്ട്. ജീവിതത്തിന്റെ അനശ്വര താളമുണ്ട്. അതെ സമയം ശബ്ദഘോഷ ത്തിലൂടെ അനുവാചകരെ സ്വാധീനിക്കുന്ന അക്ഷരമു

ത്തുകളുമുണ്ട്. ആവിഷ്ക്കരിക്കുന്ന വിഷയ സത്ത യിൽ ചിലപ്പോൾ ഭാഷയുടെ സീമന്ത രേഖകൾ ലംഘി ച്ചിട്ടുണ്ടാകാം. എന്നാൽ അതിൽ മാനുഷ്യകത്തെയും പ്രകൃതിയെയും സമൂഹത്തെയും രാഷ്ട്രീയത്തെയും കൃത്യമായി സന്നിവേശിപ്പിച്ചിട്ടുണ്ട്. ചില കഥയിൽ നിയതമായ ലക്ഷ്യമോ മാർഗ്ഗമോ കണ്ടെന്നു വരില്ല. എന്നാൽ സമകാലിക ജീവിതത്തിന്റെ ആകാശങ്ങളിൽ പറന്നുയർന്ന വിശുദ്ധ പക്ഷിയെ പോലെ സാഹിത്യ മണ്ഡലത്തിൽ അത് നിറസാന്നിധ്യമാണ്.

ഒരർത്ഥത്തിൽ ആത്മാന്വേഷണത്തിന്റെയും അപരാന്വേഷണത്തിന്റെയും വഴികളിൽ നമ്മെ ചിന്തി പ്പിക്കുന്ന കഥകളാണ് എസ്.കാച്ചപ്പിള്ളിയുടേത്. ഓരോ കഥയും ഹൃദയാനുഭവത്തിന്റെയും ഹൃദ്യാനുഭ വത്തിന്റെയും സമ്മിശ്രത കൊണ്ട് സമ്പന്നമാണ്. ഈ എഴുപതിലധികം കഥകളിലൂടെ അനുയാത്ര ചെയ്തു കൊണ്ടുള്ള അഭിരുചി സഹൃദയരുമായി പങ്കുവെക്കു ന്നതിൽ അതീവ സന്തോഷമുണ്ട്.

2004 മുതൽ 2022 വരെ എഴുതിയ 4 കഥാപു സ്തകങ്ങളിലെ കഥകളാണ് വിശകലന വിധേയമാക്കു ന്നത്. മനുഷ്യൻ കൃത്രിമ ബുദ്ധിയുടെ അനന്ത സാധ്യ തയിൽ അഭിരമിച്ചു കൊണ്ടിരിക്കുന്ന വർത്തമാന കാല ത്തിൽ നിന്നാണ് സബാസ്റ്റിൻ കാച്ചപ്പിള്ളിയുടെ കഥ കൾ സൂക്ഷമാപഗ്രഥനത്തിന് വിധേയമാക്കുന്നത്. ടെക്നോ കാപ്പിറ്റലിസവും മൂലധനവും നാണയ ത്തിന്റെ ഇരുവശങ്ങളാണെന്ന തിരിച്ചറിവിലാണ് ലോകം. വ്യക്തി ശരീര മസ്തിഷ്ക്കത്തെ ടെക്നോ

ളജി സ്വാധീനിച്ചു കൊണ്ടിരിക്കുന്നു. വില്യം ഫോർഡ് ഗിബ്സൺ ഒരു ചെറുകഥയിലൂടെ ഈ കാര്യം അനുവാചകർക്ക് പകർന്നു നൽകുന്നത് രസകരമാണ്. കാച്ചപ്പിള്ളി എന്ന കഥാകാരന്റെ ഭാവുകത്വ പരിണാമങ്ങൾ കാലത്തോട് നീതി പുലർത്തിക്കൊണ്ട് വിശകലനം ചെയ്യണം.

ഒറ്റമുറിവീട് അദ്ദേഹത്തിന്റെ കഥാസമാഹാരത്തിലെ ഒരു കഥയാണ്. വീട് എന്നത് ഒരഭയസങ്കേതമാണ്. അരവയർ മുറുക്കി കെട്ടിയാലും ഇണങ്ങിയാലും പിണങ്ങിയാലും പരസ്പരം തമ്മിലടിച്ചാലും കുടുമ്പോൾ ഇമ്പമാർന്നതു തന്നെയാണ് കുടുംബം. ബാലചന്ദ്രമേനോന്റെ അച്ചുവേട്ടന്റെ വീട് ഒരു സ്വപ്ന വീടാണ്, കുടുംബനാഥൻ ആഗ്രഹ സഫലീകരണം നടക്കാതെ മരിച്ചു പോകുന്നു. കാച്ചപ്പിള്ളിയുടെ ഒറ്റമുറിവീട് ഭാര്യയുടെ ഒരു ജീവിതാഭിലാഷവും ഭർത്താവ് ഒരു സ്വപ്ന ജീവിയുമാണ്. നാം ഒരേ സമയം മാധവിക്കുട്ടിയുടെ നെയ്പ്പായസത്തിലേയ്ക്കും കോലാടിലേയ്ക്കും മനസ്സിനെ അനുനയിക്കും. ഒരു മധ്യവർഗ്ഗ ജീവിത കാംക്ഷിയുടെ സഫലീകരിക്കാത്ത ജീവിതമോഹം കരിഞ്ഞുണങ്ങിപ്പോകുന്നുണ്ട് നെയ്പ്പായസത്തിൽ. എന്നാൽ കുടുംബത്തിനുവേണ്ടി അരഞ്ഞു തീർന്ന് വാതിൽപ്പടിയിൽ ജീവിതം അവസാനിപ്പിച്ചു പോകുന്ന അമ്മയെയും കഠിനാധ്വാനം ചെയ്ത് ആശുപത്രിയിൽ അർദ്ധപ്രജ്ഞനായി മക്കളെയും കുടുംബത്തെയും ഓർത്ത് വിലപിക്കുന്ന അമ്മയെയും കാണാം. കാച്ചപ്പിള്ളിയുടെ ഒറ്റമുറിവീട്ടിൽ ഇവരുടെ സംയോഗ വിഷാദം മനോഹരമായി ചിത്രീകരിച്ചിട്ടുണ്ട്. നിർദ്ധന

രുടെ സ്വപ്നം സഫലീകരിക്കില്ലെന്ന് ഉത്തമബോധ്യ മുള്ള അടക്കളക്കാരിയുടെ ഗൃഹാതുരത്വ വഴികളിൽ അനുവാചകൻ കണ്ണീരണിഞ്ഞു പോകും. വളരെ മനോഹരമായിട്ടുണ്ട് ആവിഷ്ക്കാരം.

എഴുത്തുകാരന്റെ അധോലോകം വൈവിധ്യ പൂർണ്ണമാണ്. രജത ജൂബിലി പിന്നിടുന്ന എസ്.കാച്ച പ്പിള്ളി എഴുത്തുവഴികളിൽ സർഗ്ഗാത്മകത നില നിർത്തുന്നത് നർമ്മത്തിലും ആക്ഷേപഹാസ്യത്തിലും വേദനയിലുമാണ്. അത് ദാർശനികമായ വെല്ലുവിളി തന്നെയാണ്. തിന്മയുടെ സംഘസ്ഥലികളിൽ നന്മ യുടെ വിത്തുപാകി കിളുർപ്പിച്ചെടുക്കുക ക്ഷിപ്രസാധ്യ മല്ല. നോക്കു നാം എന്തൊക്കെപ്പറഞ്ഞാലും കപട ആദർശാത്മകതയുടെ പരിവേഷമണിഞ്ഞവരാണ് നമുക്ക് ചുറ്റിലും. നറുനിലാ പുഞ്ചിരിയുമായി വരുന്ന വരിൽ രാഷ്ട്രീയക്കാർ മാത്രമല്ല സകലരുമുണ്ട്. വിശ്വ സാഹിത്യകാരനായാലും ഒരേ സമയം വിമർശന ത്തിനും ആരോപണത്തിനും വിധേയനാകുക സ്വാഭാ വികമാണ്. അതുകൊണ്ടുതന്നെ കാച്ചപ്പിള്ളി തന്റെ സർഗ്ഗാത്മകതയുടെ അധോലോകത്ത് 'അപാരേ കാവ്യ സംസാരേ കവി രേവ പ്രജാപതി' എന്ന മട്ടിൽ പ്രതിപാദിക്കുന്നു. ഇത് നന്മയ്ക്കും സത്യത്തിനും വേണ്ടിയുള്ള "അക്ഷരബലി' യായി കാണുന്നതിൽ സന്തോഷമുണ്ട്. ഈ സർഗ്ഗരചനകൾ പുതിയ കാലത്തും ഉത്തരാധുനികതയുടെ ക്ലിഷ്ടതകളി ലേയ്ക്കും വ്യാഖ്യാനങ്ങളിലേയ്ക്കും സഞ്ചരിക്കുന്നി ല്ല. കാപട്യത്തിന്റെ ആശയപ്രപഞ്ചത്തിലൂടെ ആദർശ

പരിവേഷമണിയാൻ ശ്രമിക്കാതെ കഥാകാരൻ സ്വത സിദ്ധമായ പാതയിലൂടെ തന്റെ രചനാവഴികളിലൂടെ സഞ്ചരിക്കുന്നുവെന്നതാണ് കഥകളുടെ സവിശേഷത.

ആത്മാവിനെ മഥിക്കുന്ന സകല പ്രശ്നങ്ങളും വിഷയങ്ങളും കഥാകാരന്റെ സ്മൃതിപഥത്തിൽ ചേക്കേറും. വ്യഥയുടെ ഗായകനല്ല യാഥാർത്ഥ്യ ത്തിന്റെ കാഴ്ചക്കാരനാണ് കഥാകാരൻ. ഒരാളുടെ വരുമാനം കൊണ്ട് ഇന്ന് ഒരു ന്യൂക്ലിയർ കുടുംബം പോലും പുലരില്ല, അതുകൊണ്ട് വധുവിനും ജോലി വേണം. അത്തരം ചിന്ത കേരളീയ പശ്ചാത്തലത്തിൽ സാധ്യമല്ലെങ്കിലും ആവിഷ്ക്കരിക്കുകയാണ് കഥാകാ രൻ.

മീൻ കച്ചവടക്കാരനായ അബൂക്കയിൽ ബഷീ റിന്റെ മനസ്സ് വരച്ചു വക്കുന്നുണ്ട് കാച്ചപ്പിള്ളി. ന്റെ ഗതി നിങ്ങൾക്കുണ്ടാവരുത് എന്ന് ഉപദേശിക്കുമ്പോഴും നിരാലംബയും നിർധനയുമായ പെണ്ണിന്റെ പേറ്റ് ചെല വിന് പാടുപെടുന്ന അബൂക്ക മനുഷ്യസ്നേഹത്തിന്റെ പ്രതിരൂപമാണ്. അബൂക്കയുടെ ചിന്തയും ഹൃദയവും അപരനുവേണ്ടിയാകുമ്പോൾ മനുഷ്യൻ ദൈവ പ്രതിരൂ പമാകുന്നു. ബഷീറിലെ മാനുഷിക നന്മയുടെ ഉറ വിടം കാച്ചപ്പിള്ളിയിലും ദർശിക്കാൻ സാധിക്കും. അതോടൊപ്പം യുക്തിയുടെ ആവരണമണിഞ്ഞ് ആസ ്വാദകരെ സംവാദത്തിന് പ്രേരിപ്പിക്കുകയും ചെയ്യുന്നു.

യോഗം കഴിയാൻ വൈകിയെന്ന കഥ, സമു ദായ സ്നേഹി, ശിവൻകുട്ടിക്കൊരു ജോലി, ജയാരവം

തുടങ്ങി സമാനാശയങ്ങളുടെ കുറെ കഥകൾ സംവദിക്കാനുണ്ട്. അവയെല്ലാം മൂല്യാധിഷ്ഠിത രാഷ്ട്രീയം, വ്യവഹാരത്തിനും സ്വാർത്ഥതയ്ക്കും കീഴടങ്ങിയതിന്റെ മകുടോദാഹരണങ്ങളാണ്. രാഷ്ട്രീയം സാമൂഹ്യ ലക്ഷ്യം ഉപേക്ഷിച്ച് സ്വാർത്ഥതയുടെയും തിന്മയുടെയും സിംഹാസനമായി ഇവിടെ മാറുന്നു.

സമുദായ സ്നേഹിയും സമാന ആശയം പ്രതിപാദിക്കുന്ന കഥയാണ്. വാറ്റുചാരായമുണ്ടാക്കാനും അതിന് കാവലിനും നിർത്തി ഒടുവിൽ അഭയ സങ്കേതത്തിൽ എത്തിച്ചേരുമ്പോഴാണ് താൻ മാംസദാഹം തീർത്തവളുടെ അവിഹിത സന്താനത്തെ സംരക്ഷിക്കുന്ന ഒറ്റക്കയ്യൻ തനിക്ക് വേണ്ടി ജീവിതം തുലച്ചവനാണെന്ന് തിരിച്ചറിയുന്നു. അവനാണ് സമുദായ സ്നേഹി. ഇത്തരം സാമൂഹ്യ ചിന്തയുണർത്തുന്ന നിരവധി കഥകൾ കഥാകൃത്തിന്റെ രചനയിൽ നിരവധിയുണ്ട്.

അടുക്കളയിൽ ജീവിതം അരഞ്ഞു തീർക്കേണ്ടി വരുന്ന സ്ത്രീയുടെ യാത്ര അനാവരണം ചെയ്യുന്ന യാത്രയെന്ന കഥ സ്ത്രീ ജീവിതത്തിന്റെ കാണാപ്പുറങ്ങൾ വിശദമാക്കുന്നു.

കാരൂരിന്റെ ഉതുപ്പാന്റെ കിണർ നൽകുന്ന സന്ദേശം ജപ്പാൻ കുടിവെള്ള പദ്ധതി വന്നപ്പോൾ ഗ്രാമം ഉപേക്ഷിക്കുന്ന ഉതുപ്പാന്റെ മഹാ യത്നവും കിണറുമാണ്. ഒടുവിൽ ഉതുപ്പാൻ തന്റെ ജീവിതം അതിൽ ഹോമിക്കുന്നു. അതുപോലെ ശിവൻകുട്ടി

യുടെ സ്ഥലം കോളക്കമ്പനിക്ക് നൽകി പൊതുസേവനത്തിന്റെ മറവിൽ ഗ്രാമമുഖ്യൻ പണം തട്ടി കോടീശ്വരനാകാൻ നാട്ടിൽ നടത്തുന്ന ശ്രമങ്ങൾ ചില രാഷ്ട്രീയ നേതാക്കളുടെ മുഖം പിച്ചിചീന്താനുപകരിക്കുന്നു. അതുപോലെ കമ്പ്യൂട്ടർ വന്നാൽ വി.ആർ.എസ് എടുക്കണമെന്ന കാഴ്ചപ്പാട് ഗാന്ധിജി സൂചിപ്പിച്ചതുപോലെ വിജ്ഞാനമാർജ്ജിച്ചാലെ അത് വിജ്ഞാന സമൂഹത്തോടൊപ്പം പുരോഗതി കൈവരിക്കുകയുള്ളൂ എന്ന സന്ദേശം പങ്കുവയ്ക്കുന്നുണ്ട്.

ജയാരവം എന്ന കഥ ഏതൊരു വിജയത്തിന് പിന്നിലും കൂട്ടായ്മയുടെ സന്ദേശം പകർന്നു നൽകുന്നതാണ്. നേതാക്കളെ സൃഷ്ടിക്കുന്നതും വഷളാക്കുന്നതും അനുഭാവി വൃന്ദങ്ങളാണ്. ബുദ്ധിജീവിയും അനുയായികളും എന്ന കഥയിലെ സന്ദേശമതാണ്.

ബ്രോക്കർ കുമാരൻ, പ്ലാസ്റ്റിക് കൂടകൾക്കിടയിലെ പാവ, യൂദാസ് യൂദാസ് മാത്രം തുടങ്ങിയ കഥകളിൽ പ്രമേയ വൈവിധ്യം ഉണ്ടെങ്കിലും സ്വന്തം കർമ്മം വഴിയാണ് മനുഷ്യൻ തന്നെ മനുഷ്യന്റെ ദൈവമാകുന്നത് എന്ന യാഥാർത്ഥ്യം വിളിച്ചോതുന്നു. ഇതിന് സമാനത നൽകുന്ന അനുഭവപാഠമാണ് മകളെ നീയെന്നെ തോൽപ്പിച്ചു എന്ന കഥ. വിത്തുഗുണം പത്ത് ഗുണം എന്ന ചൊല്ല് അന്വർത്ഥമാക്കുകയാണ്, ജീവിതകാലം മുഴുവൻ അപഥ സഞ്ചാരിണിയായി നടന്നവളുടെ മകളെ നീയെന്നെ തോൽപ്പിച്ചു എന്ന കഥ. നിസ്സാര തെറ്റിന് ജയിൽശിക്ഷ അനുഭവിച്ചവൻ തിരികെ വരുന്നത് ലോകത്തിലെ ഏറ്റവും വലിയ കള

വിന്റെ അനുഭവസമ്പത്ത് ജയിലിൽ നിന്നും നേടിക്കൊണ്ടാണ്. അതുപോലെ കളവ് കലയാക്കി ജീവിച്ചവളുടെ മകൾ സർവ്വകലാ വല്ലഭയായി അമ്മയെ നാണം കെടുത്തുന്ന കഥയാണ് മകളേ നീയെന്നെ തോൽപ്പിച്ചു എന്ന കഥ.

സ്വർഗ്ഗലോകം സ്വപ്നം കണ്ട് ഗൾഫിൽ പോയവരുണ്ട്. ആടു ജീവിതം നയിച്ച് ജീവൻ ബാക്കിയായി തിരിച്ചെത്തിയവരുമുണ്ട്. ഡോളറിന്റെ വില വർദ്ധനയിൽ സ്വപ്നം കണ്ട് ജീവിതം ഹോമിച്ച സ്വപ്ന ജീവിയുടെ കഥ പറയുകയാണ് വിനിമയ നിരക്കുകളുടെ ലോകം.

ആക്ഷേപ ഹാസ്യത്തിന്റെ മേമ്പൊടിയിൽ മനോഹരമാക്കിയ പ്രസിഡന്റിന്റെ ലക്ഷ്യബോധമില്ലായ്മയും ക്രിക്കറ്റ് പ്രണയോപാസകന്റെ കൃത്യനിഷ്ഠയില്ലായ്മയും സംവരണം കൊണ്ട് കാര്യസാധ്യം നേടിയവരും തൊഴിലാളികളെ വഞ്ചിച്ച് കീശവീർപ്പിക്കുന്ന സംഘടനാ നേതാവും സാമൂഹ്യ വിമർശനത്തിന്റെ കൂരമ്പുകൾ ഏറ്റുവാങ്ങേണ്ടി വരുന്ന നിരവധി കഥകൾ കാച്ചപ്പിള്ളിയുടെ കഥകളിലുണ്ട്.

മക്കളെ പോറ്റി വളർത്തുമ്പോൾ വിവേചനം കാട്ടിയാൽ കുട്ടികളിൽ വാശിയും പ്രതികാരബോധവും വളർന്നു വരും. അത് വൃദ്ധസദനത്തിലേയ്ക്കുള്ള യാത്രയ്ക്ക് വഴിയൊരുക്കും. മക്കളുടെ വീട്ടിലെ കാവൽപ്പട്ടിയായും പേരമക്കൾക്ക് കുതിരയും ആനയുമായി മാറാനുള്ള യോഗമുണ്ടാകും. അച്ഛൻ

മകളുടെ കൂടെയാണ് താമസം എന്ന കഥ വിവേചന ഫലമായി ഉണ്ടായതാണെന്ന് വായിച്ചെടുക്കാം.

കാച്ചപ്പിള്ളിയുടെ കഥകളിലൂടെ അനുധാവനം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ കൃതികളുടെ ലാളിത്യം ഒരു പ്രത്യേകതയായി തോന്നി. അബ്സേർഡ് നാടക ങ്ങൾ പോലെ ദുരൂഹത സൃഷ്ടിക്കുന്നില്ല. ധൈഷണി കതയുടെ വിഹായസിൽ ആസ്വാദക മനസ്സിനെ ചുറ്റി ക്കുന്നില്ല. പ്രതിഭയുടെ പുത്തൻ ഭാവുകത്വ പരിണാമ ങ്ങളിലേയ്ക്ക് നയിക്കുന്നില്ലെങ്കിലും പച്ചയായ സാമൂ ഹ്യ യാഥാർത്ഥ്യങ്ങളുടെ ഊഷരഭൂമിയിൽ നിന്നു കൊണ്ട് അദ്ദേഹം എഴുതി.

ഹൃദയത്താൽ കിനാവു കണ്ടവർ, നോവുകളും അസ്വസ്ഥതളും പേറി നടന്നവർ, തൊഴിലും ഭക്ഷണവു മില്ലാതെ വെന്തുരുകി ജീവിതം തള്ളിനീക്കിയവർ, ആത്മാവിൽ നൊമ്പരങ്ങൾ മാത്രം കൂടപ്പിറപ്പിനെ പോലെ കൊണ്ടുനടന്നവർ, കുരുട്ടുബുദ്ധിയും ജ്ഞാന ത്തിന്റെ ഖജനാവും പേറി നടന്നവരെ വിശ്വസിച്ച് നേതാക്കളെ പോറ്റി വളർത്തിയവർ.

ഒടുവിൽ സമുദായത്തിന്റെ റീത്തും, സ്വന്തം കുഞ്ഞാടുകൾക്കുവേണ്ടി പാർട്ടി ഓഫിസിൽ തന്നെ ചോദ്യക്കടലാസ് അച്ചടിശാലയും നിർമ്മിക്കാൻ വെമ്പൽകൊള്ളുന്ന നേതാക്കളുടെ സാമ്രാജ്യത്തെ സമൂഹമധ്യത്തിൽ വച്ച് പോസ്റ്റുമാർട്ടം നടത്തുക, മനു ഷ്യത്വത്തിന് വിലകൽപ്പിക്കാത്ത കാട്ടുമാക്കാന്മാരുടെ ഇടയിൽ പാദസേവ നടത്തി ജീവിതം ഹോമിക്കാതെ

സ്വതന്ത്ര ജീവിത വഴികൾ കണ്ടെത്താൻ ശ്രമിക്കുന്ന വ്യക്തിയുടെ നിശ്ചയദാർഢ്യം, കള്ളൻ കപ്പലിൽ തന്നെ എന്നു കണ്ടെത്തുന്ന പോലീസ് കപ്പിത്താന്റെ അനുഭവ സാക്ഷാത്ക്കാരം, ജീവിതായോധന വഴികളിൽ പ്രതീക്ഷ നഷ്ടപ്പെട്ടു പോകുന്നവരുടെ വിഹ്വലതകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയിടയിൽ നേതൃസ്ഥാനത്തിനും അധികാരത്തിനും വേണ്ടി തുടർന്നു വരുന്ന അഭിശപ്ത നാടകങ്ങൾ, ഭാവനയുടെ സങ്കൽപ്പ ഗോപുരങ്ങൾ കയറി പാരവശ്യത്തിനൊരു ശമനം തേടുന്ന ധനമോഹികൾ തുടങ്ങി ആവിഷ്ക്കാര ചാരുത കൊണ്ട് അത്യന്തം ഹൃദയഹാരിയായ കേരളത്തനിമയിൽ സ്ഫുടം ചെയ്ത കഥകൾ കാച്ചപ്പിള്ളിയുടെ കഥാപ്രപഞ്ചത്തിലുണ്ട്.

കഥാരചനയിൽ മുഴുവൻ മനുഷ്യ മനസ്സിലെ വിലോലഭാവങ്ങളുടെ ചിമിഴുകൾ ദാർശനികതയുടെ അകമ്പടിയില്ലാതെ കഥാകാരൻ പൊലിപ്പിച്ചെടുത്തിട്ടുണ്ട്. അതിൽ കലർപ്പറ്റ നർമ്മബോധമുണ്ട്. നിരാലംബരോട് അനുഭൂതിയും ആഭിമുഖ്യവുമുണ്ട്. ലളിതാഖ്യാനം കൊണ്ട് അനുവാചകന് സന്തോഷം പകരുന്നുണ്ട്. സത്യാന്വേഷണ വ്യഗ്രതയുണ്ട്, കഥയുടെ അന്തർധാരയായി. അത് മനസ്സിലാക്കാനുള്ള അനുഭവ ജ്ഞാനം പ്രത്യേകമായി ഉണ്ടാകണം. ഇരുൾ നിറഞ്ഞ വഴികളിൽ പ്രകാശമായി അനുഭവം മാറേണ്ടിയിരിക്കുന്നു. സമ്പന്നതയുടെ ഗിരിശൃംഗങ്ങളിൽ അഭിരമിക്കുന്ന മക്കളെ യാതനയും കഷ്ടപ്പാടും വിശപ്പും സഹാനുഭൂതിയും പഠിപ്പിക്കാൻ കടൽ തീരത്തേക്കു കൊണ്ടുപോയ ഒരു പിതാവുണ്ട്. അവിടെ ഭക്ഷണം

യഥാവസരം ലഭിക്കാതെ ശരിയായ വസ്ത്രം ധരിക്കാനില്ലാത്ത കുട്ടികളുടെ ദയനീയ ചിത്രം തന്റെ മക്കൾക്ക് പിതാവ് കാട്ടിക്കൊടുത്തു. അതു കണ്ടപ്പോൾ കുട്ടികൾ അച്ഛനോട് പറഞ്ഞത് നമ്മെ ചിന്തിപ്പിക്കുന്നതായിരുന്നു. ജീവിത സൗഭാഗ്യങ്ങളുടെ സുഖലോലുപതയിൽ അഭിരമിച്ച കുട്ടികൾ അച്ഛനോട് പറഞ്ഞു: അച്ഛാ .. . കടൽ തീരത്തെ കുട്ടികൾ മഹാഭാഗ്യവാന്മാരാണ്. നമ്മുടെ വീട്ടിൽ ചെറിയ നീന്തൽക്കുളമല്ലേയുള്ളൂ. ഈ കുട്ടികൾക്ക് അനന്ത സാഗരത്തിൽ മുങ്ങിക്കുളിക്കാം. നമുക്ക് ചെറിയ മുറ്റമല്ലേയുള്ളൂ, ഇവർക്ക് വിശാലമായ കടൽത്തീരമുണ്ടല്ലോ എന്നാണ് പരിഭവേണ സൂചിപ്പിച്ചത്. പുതിയ കാലം നൽകുന്ന അർത്ഥവ്യാഖ്യാനങ്ങൾ ഇപ്രകാരമാണ്. കുഞ്ഞുടുപ്പിലെ കടലിരമ്പലിന്റെ അപനിർമ്മാണമായി നമുക്കിത് വിലയിരുത്താം.

ഈ സംവാദം അവസാനിപ്പിക്കും മുമ്പ് കാച്ചപ്പിള്ളി കഥകളുടെ അന്തർധാരയിലേയ്ക്ക് ഒന്ന് ചുഴിഞ്ഞു നോക്കാം. ആഖ്യാതാവിന്റെ ജീവിതവീക്ഷണം, പരിസരം, അനുഭവം ഇതിലുണ്ട്. തമസ്ക്കരിക്കപ്പെടുന്നവരുടെ ജീവിതവും ജീവിത കാമനയുമുണ്ട്. കീഴാള ജീവിതവും അവരുടെ സംസ്ക്കാരവും അറിവും തിരിച്ചറിവും സ്വത്വബോധവും അതിലൂടെ ചിലർ കരുപ്പിടിപ്പിച്ചെടുത്ത അഹംഭാവവും ഉണ്ട്. എന്നാൽ നിറം പിടിപ്പിച്ച ആഖ്യാന വ്യാഖ്യാനങ്ങളിൽ നിന്ന് അകലം പാലിച്ച് ലാളിത്യത്തിൽ കഥ പറയുന്ന രീതി സന്തോഷപ്രദമാണ്. വ്യവസ്ഥാപിത കൽപ്പനകളില്ല. കാലത്തിന്റെ ഗതിനോക്കി കഥ പറഞ്ഞു പോകു

ന്നു. അത് നീതിക്കു വേണ്ടിയുള്ള അന്വേഷണമാണ്. അനുവാചകനിൽ പ്രതിബോധ ചിന്തയുണർത്താൻ പ്രേരകമാണ് കഥകൾ. ഒരു കാര്യം വ്യക്തമാണ്, കഥാസാഹിത്യത്തിലെ പ്രതിഷ്ഠാപകർ ഒരു കാലഘട്ടത്തിലൂന്നിയ കീഴാളന്റെ സ്വത്വബോധവും ആവശ്യങ്ങളും വർത്തമാനകാലത്തും പ്രതിരോധ/പ്രതിഷേധ പ്രശ്നങ്ങളായി ഇപ്പോഴും നിലനിന്നു പോരുന്നുണ്ട്. സ്വയം നേതാവാകുന്ന രാഷ്ട്രീയക്കാരുടെ നൃശംസതകൾ കഥകളിൽ നിറഞ്ഞുനിൽക്കുന്നുണ്ട്.

ഏറെ പ്രത്യേകതകളുണ്ട്, കഥയുടെ ശൈലിയിലും ഭാഷയിലും പ്രമേയത്തിലും. അറ്റം കാണാത്ത മനോരാജ്യങ്ങളുടെ അനന്ത വിഹായസ്സിലേയ്ക്ക് സ്ക്കയിലാർക്കിനെപ്പോലെ പറന്നുപോകുന്നില്ല. ഭർതൃഗൃഹത്തിലേയ്ക്ക് പോകുന്ന ഗ്രാമീണ സുന്ദരിയുടെ കുപ്പിവളക്കിലുക്കം പോലുള്ള നാടോടി വാങ്മയമാണ് ഭാഷയിൽ സ്വീകരിച്ചിട്ടുള്ളത്. ഒരുതരം മരതകപ്പച്ച നിറഞ്ഞ കഥാകാശത്തിൽ കഥാകൃത്ത് ഗൃഹാതുരത്വത്തിന്റെ നനുനനുത്ത അക്ഷരനക്ഷത്രങ്ങൾ കോറിയിട്ടു. അത് വൈലോപ്പിള്ളി കാക്കയിൽ സൗന്ദര്യവും ശബ്ദ മനോഹാരിതയും സൃഷ്ടിച്ചതുപോലുള്ള അറിവനുഭവമാണ്. അവിടെ തരുണാരുണമായ പ്രണയം, പ്രണയ വിഷാദം, പ്രണയ സാഫല്യം നിറഞ്ഞു നിൽപ്പുണ്ട്. ഒപ്പം പാവപ്പെട്ടവന്റെ ഹൃദയനൊമ്പരം, പീഢനം, താഡനം. സ്ത്രീകളുടെ കണ്ണീരിന്റെ ഉപ്പുരസവും അനുഭവിക്കാം. നൂറ് തിന്മകളെ ഉല്ലംഘിച്ചു വേണം ഒരു നന്മയെ കൈ കോർത്തു പിടിക്കാൻ. സ്നേഹപ്രകടനങ്ങളിൽ സ്നേഹരാഹിത്യം

നിറഞ്ഞു തുളുമ്പുന്ന വർത്തമാനകാലം. വിശ്വാസ ത്തിൽ വിശ്വാസത്തിന്റെ കണികയില്ല. യാഥാർത്ഥ്യ ത്തിൽ യാഥാർത്ഥ്യത്തിന്റെ അംശവുമില്ല. തകർന്നു കൊണ്ടിരിക്കുന്ന മനുഷ്യ സംസ്കൃതിയുടെ ഇടയിൽ പ്രകാശത്തിന്റെ, സാമൂഹ്യബോധത്തിന്റെ, നീതിബോ ധത്തിന്റെ രജതരേഖ വരച്ചു കൊണ്ട് എസ്.കാച്ചപ്പിള്ളി കഥയുടെ രജതജൂബിലി ആഘോഷിച്ച് അനവരതം തന്റെ സർഗ്ഗാത്മക ചിത്തവൃത്തിയിൽ കർമ്മനിരതനാ കട്ടെ.

സ്നേഹം നന്ദി .. ..

## എസ്.കാച്ചപ്പിള്ളിയുടെ കഥകൾ:

വത്സ ബേബിച്ചൻ

എസ്.കാച്ചപ്പിള്ളി എന്ന തൂലിക നാമത്താൽ അറിയപ്പെടുന്ന സെബാസ്റ്റ്യൻ കാച്ചപ്പിള്ളി എന്ന എഴുത്തുകാരന്റെ ഉപന്യാസ മത്സരം എന്ന സംരംഭം ഏറെ ശ്ലാഘനീയമാണ്. വായന മരിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ എസ്.കാച്ചപ്പിള്ളി എന്ന എഴുത്തുകാരന്റെ മനസിൽ ഉദിച്ച ആശയം ഒട്ടേറെ വായനക്കാരെ സൃഷ്ടിച്ചെടുക്കാൻ പര്യാപ്തമാണ്. പരന്ന വായനക്കാരനായ എസ്.കാച്ചപ്പിള്ളി ഒട്ടേറെ പുസ്തകങ്ങൾ എഴുതിയിട്ടുള്ളതിൽ തന്റെ 4 കഥാപുസ്തകങ്ങളാണ് മത്സരത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. ഒരു ബുദ്ധിജീവിയും കുറെ അനുയായികളും, ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ, കേശവന്റെ കഥ എന്റെ വിധിയും, ഒറ്റമുറിവീട് എന്നിവയാണ് ആ പുസ്തകങ്ങൾ.

ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ എന്ന പുസ്തകം പത്ത് കഥകളടങ്ങിയതാണ്. ഓരോ കഥ വായിക്കുമ്പോഴും അടുത്ത് വായിക്കുവാനുള്ള താൽപ്പര്യം അനുവാചകരിലുണർത്തുന്നു. ഞാൻ മദാ

ലസ എന്ന ആദ്യ കഥയിലെ സ്മിത ആഴ്ചപ്പതിപ്പുക ളിലെ പൈങ്കിളി കഥകളിലൂടെയും സിനിമകളിലൂ ടെയും ഊളിയിട്ടിറങ്ങുന്ന, അത് ജീവിതമാണെന്നു കരുതുന്ന കൗമാരക്കാരുടെ പ്രതീകമാണ്. പെട്ടെ ന്നൊരു സുപ്രഭാതത്തിൽ കണ്ടുമുട്ടുന്ന മനോജിനെ പ്പോലെയുള്ളവരെ വിശ്വസിച്ച് വീടുവിട്ടിറങ്ങുന്ന നമ്മുടെ മക്കൾ സിനിമാക്കഥപോലെയല്ല ജീവിതം എന്ന് ഈ കഥ വ്യക്തമാക്കുന്നു.

അച്ഛൻ മകളുടെ കൂടെയാണ് താമസം എന്ന കഥ യിൽ ആൺകുട്ടിയോടു കാണിക്കുന്ന പരിഗണന സ്മിതക്ക് മറ്റുള്ളവരോടെല്ലാം ശത്രുത ഉളവാക്കി. അനിയന്റെ ധൂർത്തും അമ്മയുടെ മരണവും അച്ഛനെ ഒറ്റപ്പെടുത്തി. മറ്റുള്ളവരുടെ നിർബന്ധത്താൽ മക ളുടെ വീട്ടിലേക്ക് പോയ അച്ഛനെ അവൾ അവഗണി ച്ചു. ഗത്യന്തരമില്ലാതെ വീടുവിട്ടിറങ്ങുന്ന രാമചന്ദ്രൻ ഈ കാലഘട്ടത്തിലെ നേർക്കാഴ്ചയാണ്.

പ്രമോഷൻ സാധ്യതകൾക്കിടയിലൊരു കാര്യക്ഷ മത എന്ന കഥയിലെ രമേശ് ഈ കാലഘട്ടത്തിന്റെ പ്രതിരൂപമാണ്. പഞ്ചായത്ത് സെക്രട്ടറിയായിരിക്കു മ്പോൾ എല്ലാത്തരം അഴിമതികളും നടത്തി ഒടുവിൽ മറ്റൊരു സർക്കാർ സ്ഥാപനത്തിൽ പ്രവേശനം നേടു ന്നു. ഒരാളുടെ സംസാരത്തിൽനിന്നും അയാളുടെ കാര്യക്ഷമതെ നിശ്ചയിക്കാൻ കഴിയുമെന്ന് ഈ കഥ നമ്മോട് പറയുന്നു.

ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥയിൽ ഒന്നിച്ച് പരീക്ഷയെഴുതിയ രണ്ട് വിദ്യാർത്ഥികളിൽ ഒരാൾ മുന്നോക്കക്കാരിയായി എന്നതിന്റെ പേരിൽ അവൾക്ക് പേമെന്റ് സീറ്റും പിന്നോക്കക്കാരിക്ക് മെറിറ്റിലും പ്രവേശനം ലഭിക്കുന്നു. ഫീസ് താങ്ങാനാവാതെ മുന്നോക്കക്കാരി പഠനം ഉപേക്ഷിച്ചു.

വയ്യ കുട്ടി, ഒരു തുടർച്ചക്കുകൂടി കൂട്ടുനിൽക്കാൻ വയ്യ എന്ന കഥയിൽ സുമതിയുടെ നിർബന്ധത്താൽ അജിത്തിനേയും സജിത്തിനേയും പ്രവേശന പരീക്ഷ എഴുതിച്ച് ഇലക്ട്രിസിറ്റി ബോർഡിൽ അവർക്ക് ജോലി ലഭിക്കുന്നു. നിർഭാഗ്യമെന്നു പറയട്ടെ ഗോഡൗണിലെ ചെമ്പു കമ്പികൾ മോഷ്ടിച്ചതിന് പോലീസുകാർ അവരെ പിടിച്ചു കൊണ്ടുപോയി. എൻട്രൻസ് കോച്ചിങ്ങിനായി വന്ന സുമിയോട് വയ്യ കുട്ടി, ഇനി വയ്യ. ഒരു തുടർച്ചക്കു കൂടി കൂട്ടുനിൽക്കാൻ വയ്യ.

വീണ്ടുമൊരു അംബാസിഡർ യാത്ര എന്ന കഥ ചെറിയൊരു പ്രതികാരമാണ്. വഴിയിൽ വണ്ടി കേടായി നിൽക്കുന്ന ശിവൻകുട്ടിയേയും കുടുംബത്തേയും കൂട്ടിയുള്ള യാത്ര പഴയ കാലത്തെ തിക്കിനിറച്ച അംബാസിഡർ യാത്രയെ കഥാനായകൻ ഓർത്തെടുത്തു. തിങ്ങിനിറഞ്ഞുള്ള യാത്ര ഒരു രസം തന്നെയാണ്.

സമുദായത്തിനൊരു വോട്ട് എന്ന കഥയിലെ രമേശൻ ഇലക്ട്രിസിറ്റി ബോർഡിലെ അറിയപ്പെടുന്ന ഒരു

കള്ളനാണ്. രമേശനെപ്പോലൊരാൾക്ക് ഏതെങ്കിലു മൊരു സമുദായത്തിന്റെ പേരിൽ വോട്ട് ചെയ്യുക എന്നത് ആലോചിക്കാൻ വയ്യ. അതിനാൽ വോട്ട് ചെയ്യേണ്ട എന്നു തീരുമാനിച്ചു.

മുകളിലൊരാൾ എന്ന കഥയിലെ സ്മിത തുടക്കം മുതൽ ഉടായിപ്പുകളാണ്. എന്തിനാണമ്മേ സ്മിതയെ ജോലി നേടാൻ സഹായിച്ചത്. നല്ലതിനെന്നു കരുതി നമ്മൾ ഓരോന്നു ചെയ്യുന്നു. എല്ലാം നോക്കി കാണാൻ മുകളിലൊരാൾ ഉണ്ടല്ലോ.

കൊച്ചിൻ യൂണിവേഴ്സിറ്റി രജിസ്ട്രാർ പദവിയി ലിരിക്കുമ്പോഴാണ് ഡോ.എൻ ചന്ദ്രമോഹനകുമാർ ഒരു ബുദ്ധിജീവിയും കുറെ അനുയായികളും എന്ന എസ് കാച്ചപ്പിള്ളിയുടെ പുസ്തകത്തിന് അവതാരിക എഴുതുന്നത്. പതിമൂന്ന് കഥകളടങ്ങിയ മനോഹര മായ പുസ്തകമാണിത്. ഓരോ കഥ വായിക്കു മ്പോഴും അടുത്തത് വായിക്കാനുള്ള താൽപ്പര്യം അനു വാചകരിലുണർത്തുന്നു.

പതിമൂന്നു ചെറുകഥകളടങ്ങിയ ഒരു ബുദ്ധിജീ വിയും കുറെ അനുയായികളും എന്ന ചെറുകഥാസമാ ഹാരം സാധാരണക്കാരനെ ആകർഷിക്കുന്ന വിധത്തി ലുള്ളതാണ്. ഒരു ബുദ്ധിജീവിയും കുറെ അനുയായി കളും എന്ന കഥയിൽ കോടതിവിധിക്കെതിരെ ജനാഭി പ്രായം രൂപപ്പെടുത്തുന്ന യോഗങ്ങൾ സംഘടിപ്പി ക്കുന്ന തിരക്കിലായിരിന്നു കൃഷ്ണസേനൻ. കിടപ്പി ലായ കൃഷ്ണസേനനെ കാണാൻ സന്ദർശകരുടെ തിര

ക്കായിരുന്നു. പിന്നീടത് കുറഞ്ഞു. കോടതി വിധികൾ തന്നെയായിരുന്നു ശരിക്കും ശരി.

ബ്രോക്കർ കുമാരൻ എന്ന കഥയിലെ ചൊവ്വാദോഷമുള്ള ഭാനുമതിയുടെ കല്യാണം നടത്തിയതിന് കുമാരന് നല്ലൊരു തുക ലഭിച്ചു. ബ്രോക്കർ പണിശീലമാക്കാനും ഒരു ബോർഡ് വക്കാനും തീരുമാനിച്ചു. ബ്രോക്കർ കുമാരൻ.

യൂദാസ്, യൂദാസ് മാത്രം എന്ന കഥയിലെ തോമസുകുട്ടി, ഓരോ മനുഷ്യരുടെയും മുഖത്ത് ഈശ്വരനെ കാണാൻ ശ്രമിക്കുന്നു. മുപ്പതു വെള്ളിക്കാശിനായി ഈശ്വരനെ ഒറ്റിക്കൊടുത്ത യൂദുസിന്റെ മുഖം. അത് മാത്രമെ എനിക്ക് കാണാനാവൂ. യൂദാസ്സ്, യൂദാസ് മാത്രം.

നാൽക്കാലികൾക്കിടയിലൊരു സ്വകാര്യ വീട് എന്ന കഥയിൽ സുനിലും അശ്വതിയും വീട് വെയ്ക്കാൻ ഭൂമി അന്വേഷിച്ചു നടക്കുന്നു. ഗത്യന്തരമില്ലാതെ പശുത്തൊഴുത്ത് വീടാക്കി മാറ്റുന്നു. അശ്വതി പറഞ്ഞു: നമുക്കു മാത്രമായി സ്വന്തമായൊരു വീട്.

മകളെ നീയെന്നെ തോൽപ്പിച്ചു എന്ന കഥയിലെ സുനിതക്ക് സകലവിധ ദുശീലങ്ങളുമുണ്ടായിരുന്നു. അമ്മയുടെ അതേ വഴിയിൽ സഞ്ചരിച്ച മകൾക്ക് തന്റെ കുഞ്ഞിന്റെ അച്ഛനെ കാണിച്ചുകൊടുക്കാൻ ധൈര്യമുണ്ടായിരുന്നു. ഇതുകണ്ട് സ്തംഭിച്ച സുനിത: മകളെ നീയെന്നെ തോൽപ്പിച്ചു കളഞ്ഞല്ലോ.

വിനിമയ നിരക്കുകളുടെ ലോകം എന്ന കഥയിലെ കൃഷ്ണൻകുട്ടി മകൻ ഗൾഫിൽ പോയതിൽ പിന്നെ ഗൾഫ് നാണയങ്ങളെക്കുറിച്ചുള്ള ചർച്ചയായിരുന്നു. അങ്ങനെയിരിക്കെ ജോലിയില്ലാതെ പിരിച്ചുവിടുന്ന വാർത്ത കണ്ടിട്ട് കൃഷ്ണൻകുട്ടി പറഞ്ഞു. അവനെ ദൈവം കാക്കുമെടി, നമ്മുടെ മകനെ ദൈവം കാക്കും.

ഒരു വാലന്റെൻസ് പ്രണയത്തിന്റെ കഥയിലെ സുധിയെ കഥാനായിക നൈസായി ഒഴിവാക്കുന്നു. ക്രിക്കറ്റിനെ പ്രണയിക്കുന്ന, പരീക്ഷയിൽ സപ്ലി എഴുതുന്ന സുധിയ്ക്ക് കഥാനായിക വിവാഹക്ഷണപത്രം എറിഞ്ഞുകൊടുക്കുന്നതോടെ കഥ തീരുന്നു.

തീർച്ചയായും വരണം, അടുത്തയാൾക്ക് വീണ്ടും കുളമാക്കാൻ എന്ന കഥയിലെ അനിൽ നാട്ടിലുള്ള ഓഫീസിൽ ജോയിൻ ചെയ്തതോടുകൂടി ഓഫീസ് കാര്യങ്ങൾ ചിട്ടയായി. അമ്മയ്ക്ക് സുഖമില്ലാത്തതിനാൽ അനിൽ ലീവെടുത്തു. തിരിച്ചുവന്ന അനിൽ കണ്ടത് അവിടമാകെ വലിച്ചുവാരിയിട്ടിരിക്കുന്നതാണ്. ഡെപ്പ്യൂട്ടേഷൻ അവസാനിപ്പിച്ച് അനിൽ തിരിച്ചു പോകുമ്പോൾ സ്കോളർപ്പിനായി സമീപിച്ച വിദ്യാർത്ഥി പറഞ്ഞു: തീർച്ചയായും വരണം അടുത്തയാൾക്ക് വീണ്ടും കുളമാക്കാൻ.

ഒരു സംഘടന നേതാവിന്റെ വലിപ്പം എന്ന കഥയിലെ ചന്ദ്രമോഹൻ ഒട്ടേറെ ദുശീലങ്ങളുള്ള കോളേജ് യൂണിയൻ പ്രവർത്തകനായിരുന്നു.

അങ്ങനെയിരിക്കെ ചന്ദ്രമോഹൻ കമ്പനി ഡയറക്ടറാവുന്നു. കമ്പനി ലോക്കൗട്ട് ചെയ്തുകൊണ്ടുള്ള ഒരു നോട്ടീസ് ഒട്ടിച്ചു വച്ചിരുന്നു.

പുതിയ താമസസ്ഥലം എന്ന കഥയിലെ കഥാപാത്രങ്ങളാണ് സോമശേഖരൻ, രജനി, സരോജം, രജനിയുടെ ഭർത്താവ് തുടങ്ങിയവർ. പുതിയ താമസസ്ഥലത്തേക്ക് താമസം മാറി വന്നവരെ അയൽവീട്ടിലെ സോമശേഖരൻ സാധനങ്ങൾ ഇറക്കുന്നതിൽ സഹായിച്ചു. അയാൾ സഹായിക്കുന്നത് ഭാര്യയ്ക്ക് ഇഷ്ടമാവുന്നില്ല. വരാൻ പോകുന്ന കാര്യങ്ങളെല്ലാം നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ.

ദിശ മാറി വീശുന്ന കാറ്റ് എന്ന കഥയിലെ കയ്യൂബിന്റെ അച്ഛൻ സകലവിധ ദുശ്ശീലങ്ങളുമുള്ളയാളായിരുന്നു. ഒരു ദിവസം മകൻ അച്ഛനെതിരെ തിരിഞ്ഞു. അച്ഛൻ ഉപേക്ഷിച്ചു പോയ കമ്പനി മകൻ ഏറ്റെടുത്തു. സെക്രട്ടറിയായി നിയമിച്ച സരിക കമ്പനിയിലെ പൈസയെല്ലാം അടിച്ചു മാറ്റി. കയ്യൂബിന്റെ അന്വേഷണത്തിൽ അച്ഛന്റേയും സരികയുടെയും മേൽവിലാസം ഒന്നാണെന്ന് മനസിലായി. അച്ഛന്റെ വഴിയെയായിരുന്നു താനും എന്ന തിരിച്ചറിവ് കയ്യൂബിന് പുതിയതായിരുന്നു.

കേശവന്റെ കഥ എന്റെ വിധിയും എന്ന പുസ്തകത്തിൽ 10 കഥകളാണുള്ളത്. ഈ കഥയിലെ ചെയർമാനായി തിരഞ്ഞെടുക്കപ്പെടുന്ന കേശവന് കുട്ടിനേതാക്കളുടെ കരഘോഷം.

കാട്ടുമാക്കാനിലെ കഥാപാത്രങ്ങളാണ് റോയി ച്ചനും കിഷോറും. കാട്ടുമനുഷ്യർക്ക് വിളയാടാനായി ഒരു കമ്പനിയിലും ജോലി ചെയ്യുകയില്ലെന്ന് റോയി ച്ചൻ തീരുമാനിച്ചു.

കാൽച്ചുവട്ടിലെ റീത്ത് എന്ന കഥയിൽ ജോർജ്ജ്കുട്ടിയ്ക്ക് തന്റെ അദ്ധ്വാനത്താൽ വളർത്തി യെടുത്ത സ്ഥാപനത്തിന് മരണമണി മുഴങ്ങുന്നതായി തോന്നി.

പോലീസുകാർക്കിടയിലെ കള്ളൻ എന്ന കഥ യിലെ നന്ദനൻ പോലീസുകാരന്റെ മകനാണ്. നന്ദ നന്റെ മൊബൈൽ മോഷണം പോലീസുകാർ തമ്മിൽ തമ്മിൽ കൈമാറി.

വയ്യ, ഇനി ഒരു പരീക്ഷണം കൂടി എന്ന കഥ യിലെ നായകനും നായികയും വിവാഹ മോചനം നേടുന്നു. സംഗീതത്തിന്റെ ലോകത്തേയ്ക്ക് പറന്നു യർന്ന നായികയെ കലേഷ് എന്ന കലാകാരൻ വീണ്ടു മൊരു വിവാഹത്തിന് ക്ഷണിക്കുമ്പോൾ ക്ഷണത്തെ ധൈര്യപൂർവ്വം തള്ളിക്കളയുന്നു. വയ്യ, ഇനിയൊരു പരീക്ഷണം കൂടി.

ചെറിയ മനുഷ്യരുടെ ലോകമാണ് ശ്രീ.എസ്.കാ ച്ചപ്പിള്ളിയുടെ കഥാലോകം. സാധാരണക്കാരായ ഒരു പാട് ആളുകൾ ചെറിയ ലോകത്തിൽ ചെറിയ ആഗ്രഹ ങ്ങളുമായി ജീവിച്ചു പോകുന്നു. യാഥാർത്ഥ്യങ്ങളുടെ ഒരു ശരിപ്പകർപ്പാണ് ഒറ്റമുറിവീട്.

വലിയ മോഹങ്ങളൊന്നുമില്ലാത്തവരായിരുന്നു ഉണ്ണിയും ഭാര്യ ലതയും. സ്വന്തമായി വീടു പണിത് മാറാൻ ഉണ്ണിക്കാവില്ലെന്ന് ലതയ്ക്കറിയാം. ഒരു വാടക വീട്, ഒരു ഒറ്റമുറിവീട് മാത്രമായിരന്നു ലത യുടെ മോഹം. സാധാരണക്കാരനിഷ്ടപ്പെടുന്ന ഒരു കൊച്ചുകഥ.

വധുവിനു ജോലി വേണം എന്ന കഥയിൽ രാജ ഗോപാൽ വളരെ കഷ്ടപ്പെട്ട് ഭാര്യയുടെ അടു ത്തേയ്ക്ക് ട്രാൻസ്ഫർ വാങ്ങുമ്പോൾ ഭാര്യ അവിടെ നിന്ന് ട്രാൻസ്ഫർ ആകുന്നു. തലയിൽ ഒരു വെള്ളിടി വെട്ടി.

ഞാൻ അത്തരക്കാരനല്ല എന്ന കഥയിലെ നാരാ യണനെ കൈക്കൂലി വാങ്ങുന്നയാളാക്കി മാറ്റുന്നു.

ഒരു വെളുന്ന കുഞ്ഞുടുപ്പ് എന്ന കഥയിലെ ബഷീർ തിരിച്ചു വരുന്നത് ഒരു വെളുത്ത കുഞ്ഞുടുപ്പു മായിട്ടാണ്.

ന്റ ഗതി നിങ്ങൾക്കുണ്ടാവരുത് എന്ന കഥയിൽ വട്ടിപ്പലിശയ്ക്ക് കടം വാങ്ങി വീട് അന്യാധീനമാവു ന്നു. അബൂക്ക പിന്നീട് ചോദിക്കുന്നവർക്ക് പൈസ കൊടുക്കും, പലിശയില്ലാതെ.

യോഗം കഴിയാൻ വൈകി എന്ന കഥയിൽ രാഷ്ട്രീയത്തിനു വേണ്ടി പണിയെടുത്ത ദിവാകരന്റെ വീടിന്റെ ചുമരിൽ ജപ്തി നോട്ടീസ് കണ്ട് അന്തം വിടു ന്നതാണ് ഇതിവൃത്തം.

സുഹൃത്തിനൊരു ജാമ്യം എന്ന കഥയിൽ രാഘവന്റെ ഭാര്യയുടെ പ്രധാന ആവശ്യം കുടിക്കാതെ വരണം എന്നതായിരുന്നു. കൂട്ടുകാരന് ജാമ്യം നിന്ന വകയിൽ കുടിശിക വരുത്തിയതിന് ശമ്പളത്തിൽനിന്നും പിടിച്ചു. മദ്യപിച്ചു വീട്ടിലെത്തിയ അയാൾ ആരെയും ശ്രദ്ധിക്കാതെ കട്ടിലിൽ കയറിക്കിടന്നു.

മരിക്കാത്ത ഓർമ്മകളുമായി എന്ന കഥയിൽ ശിവൻകുട്ടിയുടെ അമ്മയാണ് ഗായത്രീദേവി. ഓർമ്മയിലെ സ്നേഹത്തിന്റെ രൂപം, അറിവിന്റെ ശക്തി - ഗായത്രീദേവി തന്റെ അമ്മ.

യാത്ര എന്ന കഥയിലെ അനു എന്ന കഥാപാത്രത്തിന്റെ രാവിലെ എഴുന്നേൽക്കുമ്പോൾ മുതലുള്ള അവസാനിക്കാത്ത ജോലികൾ. ഒരു ജോലിയുള്ള വീട്ടമ്മയുടെ പ്രതീകം.

കമ്പ്യൂട്ടർ എന്ന കഥയിലെ കമ്പ്യൂട്ടർ സേതുരാമന് കീറാമുട്ടിയായിരുന്നു. സേതുരാമൻ തീരുമാനിച്ചു: താൻ സ്വയം പിരിഞ്ഞു പോകുന്നില്ല.

ശിവൻകുട്ടിക്കൊരു ജോലിയിലെ ശിവൻകുട്ടി കിണർ കുഴിക്കും. അങ്ങനെയിരിക്കെ ശിവൻകുട്ടിയുടെ കിണറ്റിൽ വെള്ളം ഊറി വരുന്നു. പിന്നാമ്പുറത്ത് ശിവൻകുട്ടി ഒരു തുള്ളി വെള്ളമിറക്കാതെ മരിച്ചു.

വെടിവട്ടം എന്ന കഥയിലെ ആൽത്തറയിൽ വെടി പറഞ്ഞിരിക്കുന്നവരുടെ കൂട്ടത്തിൽ സന്തോഷും

ജ്ഞാനേശ്വറും ഉണ്ടായിരുന്നു. അവരുടെ കൂട്ടുകാരി മായാവതി. ജ്ഞാനേശർ മായാവതിയെ വീട്ടിലേക്ക് ക്ഷണിച്ചു. മായാവതി ലജ്ജാവതിയായി ജ്ഞാനേശ്വ റിന്റെ വാക്കുകൾക്ക് കാതോർത്തു.

ജയാരവം എന്ന കഥയിലെ പ്രധാന ഫുട്ബോൾ കളിക്കാരനാണ് ജയസൂര്യ. വിക്രം അർഹിക്കാത്തത് തന്നിൽനിന്ന് തട്ടിയെടുക്കുന്നതുപോലെ ജയസൂര്യക്ക് തോന്നി. ജനക്കൂട്ടം ജയസൂര്യയെ തിരിഞ്ഞു നോക്കി യില്ല. വിക്രം ഹീറോയായി. ജയസൂര്യ ഒറ്റപ്പെട്ടു. ജയസൂര്യയുടെ മുഖം പൊടിപടലം കൊണ്ട് വ്യക്ത മായി കാണാൻ കഴിയുമായിരുന്നില്ല.

# എസ്.കാച്ചപ്പിള്ളിയുടെ കഥകൾ:

ഡോ.സന്തോഷ് കുമാർ ജി., 9447305879.

## ആമുഖം

വർത്തമാനകാലത്തിലെ ഒരു സംഭവം പ്രതിപാദിച്ചുകൊണ്ട് കഥ പറച്ചിലിനെ ഭൂതകാലത്തിലേക്ക് നടത്തിക്കുന്ന ഒരു ആഖ്യാന രീതി കാച്ചപ്പിള്ളിയുടെ മിക്ക കഥകളിലും കാണാവുന്നതാണ്. ചിലപ്പോൾ നേരെ കാണുന്ന സംഭവങ്ങൾ അതേപടി വളരെ ക്രമബദ്ധമായി എന്നാൽ ലളിതമായി പറഞ്ഞുപോകുന്ന ഒരു രീതിയുമുണ്ട്. മുൻകാല കഥകൾ വ്യക്തികളെയും ചെറിയ കഥാസന്ദർഭങ്ങളെയും ചുറ്റിപറ്റിയാണെങ്കിൽ, പിന്നീട് കഥാകാരൻ കഥയുടെ ക്യാൻവാസ് കുറച്ചുകൂടി സമൂഹത്തിലേക്ക് തുറന്നു പിടിക്കുന്നതായാണ് കാണുന്നത്. എങ്ങിനെ തുടങ്ങിയാലും നന്മകളുള്ള ഒരു പിടി മനുഷ്യരുടെ വികാര വിചാരങ്ങളും അവരുടെ ജീവിതത്തിൽ നടക്കുന്ന സംഭവങ്ങളുടെയും ഒരു നേർകാഴ്ചയാണ് ഒട്ടു മിക്ക കഥകളിലും നിറഞ്ഞു നിൽക്കുന്നത്. സാമൂഹിക പ്രശ്നങ്ങളിൽ സജീവമായി ഇടപഴകുന്ന, സാമൂഹിക ജീർണ്ണതക്കെതിരെ വിയോജിപ്പ് പ്രകടിപ്പിക്കുന്ന, അതുകൊണ്ടു

തന്നെ ഇടയ്ക്ക് നിരാശ അനുഭവിക്കുന്ന കഥാപാത്ര ങ്ങളെയാണ് കാച്ചപ്പിള്ളി അവതരിപ്പിക്കുന്നത്. വളരെ സ്വാഭാവികമായി വാർന്നു വീഴുന്ന കഥകളാണ് അദ്ദേ ഹത്തിന്റെ കഥാസമാഹാരങ്ങളിൽ നമുക്ക് കാണു വാൻ കഴിയുക.

വൈപ്പിൻ ദ്വീപിലെ കൊച്ചി നഗരത്തിന്റെ പ്രാന്തപ്രദേശവും തീരദേശ ഗ്രാമവുമായ നായരമ്പലം എന്ന കൊച്ചു പ്രദേശത്തു നിന്നുമാണ് കഥാകാരൻ മിക്ക കഥകളുടെയും ചുരുളഴിക്കുന്നത്. ഈ പ്രദേ ശത്ത് കൃഷിയും മത്സ്യബന്ധനവും പരമ്പരാഗതമായി ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗങ്ങളായിരുന്നു. എന്നാൽ ഇപ്പോൾ ഭൂരിഭാഗം ആളുകളും ആശ്രയിക്കു ന്നത് വൻകരയുടെ ഏറ്റവും അടുത്തുള്ള കൊച്ചി നഗ രത്തെയാണ്. അതുകൊണ്ടുതന്നെ കാച്ചപ്പിള്ളിക്ക് ജോലി സംബന്ധമായി നഗരത്തിലേക്ക് അനേകം സഞ്ചരിക്കേണ്ടി വന്നിട്ടുണ്ട്. നഗരത്തിന്റെ ഉൾകാഴ്ചയി ലൂടെ അതിന്റെ കാണാപ്പുറങ്ങൾ വായനക്കാരിൽ വളരെ ലളിതമായി അദ്ദേഹം എത്തിക്കുന്നു. കാച്ചപ്പി ള്ളിയുടെ പഠനകാലത്തെ കാംപസ് ജീവിതവും വിദ്യാർത്ഥി രാഷ്ട്രീയവും അതുപോലെ യൂണിവേഴ്സിറ്റി ജോലിയിലിരിക്കെ സർക്കാർ സംവിധാനങ്ങളും അതിന്റെ ഉള്ളുകള്ളികളും ഒരുപോലെ കാച്ചപ്പിള്ളി തന്റെ കഥകളിൽ ആവാഹിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

കാച്ചപ്പിള്ളിയുടെ കഥകൾ ഒരേസമയം കാല ത്തിന്റെ നേർകാഴ്ചളുടെയും പ്രശ്നസങ്കീർണ്ണതകൾ നിറഞ്ഞ മനുഷ്യബന്ധങ്ങളുടെയും സമ്മിശ്രമായ കഥ

നരൂപങ്ങളാകുന്നു. ഓരോ കഥയും അനുഭവാവിഷ്ക്കാരത്തിന്റെ വൈവിധ്യം കൊണ്ട് അവിസ്മരണീയമാകുന്നു. ഇവിടെ അദ്ദേഹത്തിന്റെ കഥകളിലെ മനുഷ്യരിലെ സ്വഭാവ സവിശേഷതകൾ അവരിലെ നന്മ, കഥകളിലെ രാഷ്ട്രീയം, സ്ത്രീ കഥാപാത്രങ്ങൾ എന്നിവ വിശദമായി പരിശോധിക്കുകയാണ്.

## കഥകളിലെ മലയാളി മനുഷ്യർ:

ഏതൊരു മലയാളിയുടെയും സ്വപ്നമാണ് ഒരു ജോലി. അതുകിട്ടിയാൽ പിന്നെ ഒരു വീട്. കുടംബ പ്രാരാബ്ധങ്ങളുടെ നടുവിൽ കിടന്നു വട്ടം കറങ്ങാൻ മാത്രമെ അവനാകുന്നുള്ളൂ എന്ന യാഥാർത്ഥ്യം എത്ര മനോഹരമായാണ് കാച്ചപ്പിള്ളി തന്റെ 'ഒറ്റമുറിവീട്' എന്ന കഥയിലൂടെ വായനക്കാർക്ക് അനുഭവയോഗ്യമാക്കുന്നത്. മധ്യവർഗ്ഗ മലയാളിയുടെ നിരാശഭാവം, രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പെടുന്ന പ്രയാസം, ജീവിതത്തിൽ പ്രതീക്ഷിക്കാതെ വരുന്ന തിരിച്ചടികൾ എന്നീ മനുഷ്യഭാവങ്ങൾ പറയാതെ തന്നെ വായനക്കാർക്ക് അനുഭവയോഗ്യമാക്കിയാണ് പലപ്പോഴും കഥാകാരൻ മുന്നോട്ട് പോകുന്നത്.

ഒരു തവണയെങ്കിലും 'രാജഗോപാലി'നുണ്ടായതു പോലുള്ള അനുഭവം കിട്ടാത്ത മലയാളികളുണ്ടാവില്ല. എല്ലാം ഒപ്പിച്ചെടുക്കുവാൻ കഴിയുമെന്ന് പലപ്പോഴും അവൻ വിചാരിച്ചു കരുക്കൾ നീക്കും, പക്ഷെ വിധി പലപ്പോഴും മറ്റൊന്നായിരിക്കും അവനുവേണ്ടി കാത്തുവെക്കുന്നത്.

'ഞാൻ അത്തരക്കാരനല്ല' എന്ന് വിശ്വസിക്കുന്ന മലയാളിയുടെ ആദർശങ്ങൾ വഴിമാറുന്നത് എങ്ങിനെയെന്ന് നാരായണനിലൂടെ കഥാകാരൻ കാട്ടിത്തരുന്നു. അവന്റെ ആത്മ സംഘർഷങ്ങളെ കാലം പരുവപ്പെടുത്തുന്നതും മറ്റും ഈ കഥയിൽ നമുക്ക് കാണുവാൻ സാധിക്കും.

ആവലാതി മലയാളിയുടെ സ്ഥായിയായ ഭാവമാണ്. ഉറ്റവരുടെ കാര്യത്തിൽ അത് പതിന്മടങ്ങാണുതാനും. കാറ്റിലും കോളിലും ബഷീറിനെ കാണാതായി എന്ന് വിശ്വസിക്കുന്ന കുഞ്ഞാമിന അവളോടൊപ്പം വായനക്കാരനെയും പരിഭ്രാന്തിയിലാഴ്ത്തുന്നു. എത്ര ലളിതമായാണ് ആശ്യാസത്തിന്റെ കിരണങ്ങൾ കഥാകാരൻ ബഷീറിന്റെ തിരിച്ചു വരവിലൂടെ നമ്മളിലെത്തിച്ചത്.

കേരളത്തിലെ 'കമ്പ്യൂട്ടർ' വിന്യാസത്തിന്റെ കാലഘട്ടം സേതുരാമന്റെ പിരിമുറുക്കത്തിലൂടെ അനുഭവയോഗ്യമാക്കി, കഥാകാരൻ നമുക്ക് പറഞ്ഞുതരുന്നത് പ്രതിസന്ധികളെ തരണം ചെയ്യാനുള്ള മലയാളിയുടെ അസാധ്യ കഴിവിനെയാണ്.

പ്രകൃതിയെ ചൂഷണം ചെയ്യുന്ന പദ്ധതിക്കായി കൂട്ട് നിൽക്കാതെ തന്റെ കർമ്മത്തിൽ വിശ്വസിക്കുന്ന ശിവൻകുട്ടിയുടെ ഗതി ഈ കൊച്ചുകേരളത്തിലെ ഒരുപാടു ദളിതരുടെയും നല്ല മനുഷ്യരുടെയും അനുഭവങ്ങളുടെ നേർകാഴ്ചയാണ്. എഴുത്തുകാരൻ നന്മ

യുള്ള മനുഷ്യരുടെ വാക്കായി, ശബ്ദമായി മാറുന്നത് ഇവിടെ ദർശിക്കാവുന്നതാണ്.

'വെടിവട്ടം' പകർന്നു തരുന്നത് കോളേജ് കാലത്തെ ഗൃഹാതുരമായ പ്രണയത്തിന്റെ മാധുര്യവും, കാലം സമ്മാനിച്ചത് മറ്റൊന്നായിരിക്കെ, കാലചക്രം തിരിഞ്ഞു പ്രണയിനി വീണ്ടും തേടി വരുമ്പോൾ ജ്ഞാനേശ്വർ സ്നേഹത്തോടെ മായാവതിയെ ഉൾക്കൊള്ളുന്ന കാഴ്ച ഏതൊരു വായനക്കാരനെയും പുളകം കൊള്ളിക്കുന്ന ഒന്നാണ്.

കാൽപന്ത് വഴിമാറുന്ന ലാഘവത്തോടെ ഒരു മനുഷ്യന്റെ സ്വപ്നങ്ങൾ മറ്റൊരാളുടേതാകുന്ന നിമിഷങ്ങൾ, 'ജയാരവം' പകർന്നു തരുന്ന അനുഭവം വേറിട്ടു നിൽക്കുന്നു. ജയസൂര്യയുടെ അദ്ധ്വാനത്തിന്റെ ഫലം, അവനുമാത്രം അവകാശപ്പെട്ട വിജയം, അതിന്റെ പരകോടിയിൽ നിൽക്കുന്ന നിമിഷത്തിൽ വിക്രമിന്റേതാകുമ്പോൾ ആൾക്കൂട്ടത്തിൽ ഒറ്റപ്പെട്ടു പോകുന്ന ഒരു മനുഷ്യന്റെ നിസ്സഹായാവസ്ഥ കാച്ചപ്പിള്ളി ഒരു നോവായി കോറിയിടുന്നു.

കുട്ടിക്കാലത്തെ സാഹചര്യങ്ങളും, കേൾക്കുന്ന കഥകളും, കൂട്ടുകെട്ടുകളും ഒരുവനിൽ വരുത്തുന്ന സ്വാധീനം വലുതാണ്. നന്ദനൻ എന്ന കഥാപാത്രം പോലീസ് കഥകളിലെ അവിഭാജ്യ ഘടകമായ കള്ളന്മാരെ, അവരുടെ അസാമാന്യ കഴിവിനെ, വാഴ്ത്തുന്ന കഥകൾ കേട്ടും കണ്ടും വളർന്ന ഒരാളാണ്. ഒരു മാന്ത്രികന്റെ കയ്യടക്കത്തോടെ മറ്റുള്ളവരുടെ മുതൽ

മോഷ്ടിക്കുന്നത് പഠിക്കണം എന്ന് വിചാരിച്ചാൽ എന്താണ് തെറ്റ്?

പ്രവാസി ജീവിതം എത്ര പ്രയാസകരമായ ഒന്നാണെന്ന് 'കാട്ടുമാക്കാൻ' എന്ന കഥ നമുക്ക് കാട്ടിത്തരുന്നു. തന്റേ സീനിയർ കിഷോർ, അറബിനാട്ടിൽ അകപ്പെട്ട് അടിമപ്പണി ചെയ്തതും പ്രയാസങ്ങൾ അനുഭവിച്ചതും അതുപോലെ അഭിമാനം വിറ്റ് മറ്റൊരാളുടെ കീഴിൽ ജോലി ചെയ്യുവാൻ തനിക്കാവില്ല എന്ന് റോയിച്ചൻ തീരുമാനിക്കുന്നതും ഏതൊരു മലയാളിയുടെയും തീരുമാനം പോലെ തന്നെയാണ്.

## കാച്ചപ്പിള്ളിയുടെ സ്ത്രീ കഥാപാത്രങ്ങൾ:

സ്വന്തമായി ഒരു വീട് എന്ന ആഗ്രഹം സ്വപ്നത്തിൽ നിന്നും ഇറക്കിവിട്ട് ഒരു ഒറ്റമുറി വീടെങ്കിലും ആഗ്രഹിക്കുന്ന എത്രയോ ലതകൾ നമുക്കു ചുറ്റും ഉണ്ട്. മറ്റു പല മോഹങ്ങളും ഉപേക്ഷിക്കുന്ന അവർ അവസാനമായി അതെങ്കിലും നടക്കുമെന്ന വിശ്വാസത്തിലാണ് ജീവിക്കുന്നത്.

അതുപോലെ 'യാത്ര'യിലെ അനു എല്ലാ മധ്യവർത്തി കുടുംബത്തിലെയും ഭാര്യമാരെ ഓർമിപ്പിക്കുന്നു. രാവിലെ ഉറക്കം മതിയായില്ലെങ്കിലും കട്ടിലിൽ നിന്നും എഴുന്നേറ്റ് അടുക്കളയിലേക്ക് പായുന്ന, കുട്ടികളെ സ്ക്കൂളിലേക്ക് പറഞ്ഞുവിടാൻ ഒരുക്കുന്ന, ഒരു സഹായവും ചെയ്യാത്ത ഭർത്താവിന് ചായ കൊടുക്കുന്ന, എല്ലാവർക്കുമുള്ള ഉച്ചഭക്ഷണം പാത്രത്തിലാക്കി

എന്ന് ഉറപ്പുവരുത്തുന്ന, അവസാനം കുട്ടികൾ സ്ക്കൂൾ ബസിൽ ടാറ്റാ പറഞ്ഞു പോകുമ്പോൾ നെടു വീർപ്പിടുന്ന ഒരു സാധാരണ മലയാളി സ്ത്രീ.

മലയാളികൾ പ്രത്യേകിച്ച് സ്ത്രീകൾ, പൈങ്കിളി കഥകളിൽ അഭിരമിച്ചിരുന്ന ഒരു കാലഘട്ടം ഉണ്ടായിരു ന്നു. അത്തരം കഥകളിലെ കഥാപാത്രങ്ങളെ സ്വന്തം ജീവിതത്തിൽ പകർത്തുവാൻ ശ്രമിക്കാറുണ്ട്. 'മദാല സ'യിലെ സ്മിതയുടെ കഥ അക്കാലത്തെ സാധാരണ പെൺകുട്ടികളുടെ അനുഭവം വായനക്കാരന് ഓർത്തെ ടുക്കുവാനുള്ള അവസരം നൽകുന്നു.

ആൺമക്കളെ അച്ഛനമ്മമാർ കൂടുതൽ സ്നേഹി ക്കുന്ന ഒരു പ്രതിഭാസം നമ്മുടെ നാട്ടിലുണ്ട്. ഒരു മകളെ അവഗണിച്ച് ഇത് ചെയ്യുമ്പോൾ ആ മകളിൽ അത് ഉണ്ടാക്കുന്ന പ്രയാസങ്ങൾ പിന്നീട് അവരോ ടുള്ള വിദ്വേഷമായി മാറുകയും ചെയ്യുന്നു. എങ്കിലും ജീവിതത്തിൽ ഒറ്റപ്പെടുമ്പോൾ പെണ്മക്കൾ തന്നെ തണലായി വരുന്നതും വായനക്കാർക്ക് വളരെ പരിച യമുള്ള കാര്യം തന്നെ. അതുപോലെ ചെടികളേയും പൂക്കളെയും ഇഷ്ടപ്പെടുന്ന ഒരു പെൺകുട്ടിയുടെ ലോലഭാവങ്ങൾ പരിചയപ്പെടുത്തുന്ന കള്ളന്റെ മകൾ എന്ന കഥയിൽ ആ പെൺകുട്ടി അനുഭവിക്കുന്ന സന്തോഷവും അത് തല്ലിക്കെടുത്തുന്ന പോലിസ് ഏമാനും, പൂക്കളുടെ മോഷണം വളരെ നിസ്സാരമായി തള്ളിക്കളയുന്ന നാട്ടുകാരും ചൂണ്ടിക്കാണിക്കുന്നത് സമൂഹത്തിൽ പെൺകുട്ടികൾ പൊതുവെ അനുഭവി ക്കുന്ന അവഗണനകളാണ്. എങ്കിലും തന്റെ പൂന്തോട്ട

ത്തിൽ വന്ന കൊച്ചുകുട്ടിക്ക് പൂവിറുത്തു കൊടുക്കാനുള്ള നന്മ ആ പെൺകുട്ടി കാണിക്കുന്നുണ്ട്.

സംഗീതം ജീവന്റെ ഭാഗമായിത്തന്നെ കണ്ടിരുന്ന പെൺകുട്ടിയുടെ കഥ വായിക്കുമ്പോൾ, ഒരു മദ്യപന്റെ കയ്യിൽ അകപ്പെട്ട് വിവാഹ ജീവിതം തന്റെ സ്വപ്നങ്ങളുടെ ചിറകൊടിക്കുന്നതും, സമൂഹത്തിന്റെ മനസ്സ് മറ്റൊരു ദുരന്തത്തിലേക്ക് വിരൽ ചുണ്ടി നിൽക്കുമ്പോൾ ഒരു പെൺകുട്ടി എന്തു തീരുമാനമാണ് എടുക്കേണ്ടത്? കഥയിൽ പേരിടാത്ത ആ പെൺകുട്ടി ഈ സമൂഹത്തിലെ അനേകം പെൺകുട്ടികളെ പ്രതിനിധാനം ചെയ്യുന്നു.

## കഥകളിലെ രാഷ്ട്രീയം:

കേരളത്തിലെ സമകാലീന സംഭവങ്ങളെ ഓർമ്മപ്പെടുത്തുന്ന കഥകളാണ് 'കേശവ'നിലൂടെയും 'സർക്കാർ നിയമനങ്ങൾ', 'തോറ്റ വിദ്യാർത്ഥിയുടെ പഠന'ത്തിലൂടെയും ഇതൾ വിടർത്തിയത്. രാഷ്ട്രീയ ബന്ധങ്ങളെ ഉപയോഗിച്ച് യൂണിവേഴ്സിറ്റികളിലെ അഡ്മിഷൻ സമ്പാദനവും പിന്നീട് വരുന്ന പ്രശ്നങ്ങൾ അവർ വഴിതന്നെ പരിഹരിക്കുന്നപ്പെടുന്നതും, ക്യാംപസ് രാഷ്ട്രീയവും നേതാക്കൾക്കുവേണ്ടിയുള്ള ജയ് വിളികളും, മദ്യവും മയക്കുമരുന്നും വിഷയമായി അവതരിപ്പിക്കുമ്പോൾ കാലങ്ങൾ എത്ര കഴിഞ്ഞാലും ഏതൊരു കഥാകരനേയും പോലെ ഇവ കാച്ചപ്പിള്ളി തന്റെ കഥകൾക്കുള്ള ചേരുവയായി ഉപയോഗിച്ചിരിക്കുന്നു.

സ്ഥാനാർത്ഥികൾക്കായി സ്വന്തം ജീവിതം, വീട്ടിലെ കാര്യങ്ങൾ എന്നിവ വിട്ടുപോകുന്ന പാവങ്ങളായ രാഷ്ട്രീയ അണികളെ ദിവാകരനെ പോലുള്ള കഥാപാത്രങ്ങൾവഴി കഥാകാരൻ നമ്മളെ പരിചയപ്പെടുത്തുന്നു. രാഷ്ട്രീയ പാർട്ടികൾ ജാതി നോക്കി വീതം വക്കുന്ന സ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്യണ്ട എന്ന് തീരുമാനിക്കുന്ന കഥാപാത്രം, വാജമദ്യ വിൽപ്പന വഴി കുപ്രസിദ്ധനായ ആൾ സ്ഥാനാർത്ഥിയായി മുന്നിൽ വോട്ടുചോദിച്ചു വരുമ്പോൾ നിസ്സഹായനായി നിൽക്കുന്ന കാഴ്ച നമ്മളോരോരുത്തരും ഇലക്ഷൻ കാലത്ത് അനുഭവിക്കുന്ന ഒന്നാണ്.


കൈക്കൂലി വാങ്ങുവാൻ നിർബന്ധിതനാകുന്ന സർക്കാർ ജീവനക്കാരൻ, ആദർശങ്ങൾ അടിയറവ് വയ്ക്കാൻ നിർബന്ധിതരാകുന്ന നാരായണന്മാർ നമുക്കുചുറ്റും ധാരാളം ഉണ്ട്.

ജാതിയുടെയും വർണ്ണത്തിന്റെയും പരാമർശങ്ങൾ കാച്ചപ്പിള്ളി തന്റെ ചില കഥകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കറുത്ത വർഗക്കാരൻ അമേരിക്കയുടെ പ്രസിഡന്റ് ആയതിലുള്ള മദാമ്മയുടെ അമർഷം, റാങ്ക് ലിസ്റ്റിൽ ഒന്നാമതായിട്ടും ജോലി കിട്ടാത്ത സംഗീതം പഠിച്ച പെൺകുട്ടി, പിന്നോക്ക വിഭാഗത്തിൽ പെട്ട ശ്യാമള, നിയമനവും പ്രമോഷനും നേരത്തെ നേടിയെടുക്കുന്ന രമേശൻ തുടങ്ങിയ കഥാപാത്രങ്ങൾ. ജാതി സംവരണത്തെ അനുകൂലിക്കുന്ന നിലപാടല്ല എഴുത്തുകാരനുള്ളത്. കഴിവും പ്രാപ്തിയും എല്ലാറ്റിനുമുപരി

ധാർമ്മികതയും കാച്ചപ്പിള്ളി തന്റെ കഥാപാത്രത്തിലൂടെ മുന്നോട്ടു വയ്ക്കുന്നു.

## <u>ഉപസംഹാരം</u>:

സാധാരണക്കാരുടെ കഥ പറയുന്ന കാച്ചപ്പിള്ളി താൻ കാണുന്ന കഥാപാത്രങ്ങളെയും ചുറ്റുപാടുള്ള കാഴ്ചകളെയും തുറന്നു കാട്ടുന്ന ഒരു രീതിയാണ് തന്റെ കഥകളിലൂടനീളം സ്വീകരിച്ചിരിക്കുന്നത്. മനുഷ്യബന്ധങ്ങളിലൂടെ അവരുടെ വികാര വിചാരങ്ങൾ നമുക്ക് മുന്നിൽ കാഴ്ചവക്കുന്നു. ഒരു സമൂഹജീവി എന്ന നിലയിൽ രാഷ്ട്രീയവും ജോലി ഇടങ്ങളിലെ സംഭവങ്ങളും കഥകളിലൂടെ പരിചയപ്പെടുത്തുമ്പോൾ തന്നെ തന്റെ നിലപാടുകളും പലപ്പോഴായി വ്യക്തമാക്കാൻ ശ്രമിക്കുന്നുണ്ട് കാച്ചപ്പിള്ളി. കഥകളിലെ സ്ത്രീ കഥാപാത്രങ്ങളെ പ്രത്യേകമായി കാണുകയാണെങ്കിൽ കാച്ചപ്പിള്ളി സൂക്ഷ്മമായാണ് അവരുടെ മനോഗതികളെ കൈകാര്യം ചെയ്തിട്ടുള്ളത്. ഇനിയും ഒരുപാട് കഥകളും മിഴിവുറ്റ കഥാപാത്രങ്ങളും കാച്ചപ്പിള്ളിയുടെ തൂലികയിൽ നിന്നും പിറന്നു വീഴും എന്ന് പ്രത്യാശിക്കുന്നു.













# "എസ്.കാച്ചപ്പിള്ളിയുടെ സർഗ്ഗാത്മഗത"

## ഒരു പഠനം

Ist Prize:
Dr.N.P.Vijayan
Saradhi
Krishnapilla
Manidram,
Kizhakkan
Kozhuval,
Nileshwar.P.O.
671314.
Mob:
9447551325.

2nd Prize:
Dr.Santhosh Kumar G
Professor,
Department of Computer Science.
CUSAT.
Mob:
9447305879.

സംസ്ക്കാര, കൊച്ചി-682509
9446459784